# ആത്മപ്രകാശിനി

## 2008 ഒക്ടോബർ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# അകത്താളുകളിൽ


**ഒരു അവയവം കഷ്ടം...........**
ഡോ. കെ. സി. ജോൺസൺ.......... 3

**പരിണാമ സൃഷ്ടി വിവാദം........**
ഡോ.ജോൺസൺ ജോർജ്ജ്........... 5

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട്......................... 8

**അനന്യാസ് കൊടുത്ത ലേസർ. . . . .**
കെ.എ. ഏബ്രഹാം ............................ 9

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 11

**ശവസംസ്ക്കാര ആരാധന........**
ഗോഡ്‌ലി പി.എസ് ............................ 13

**തിമൊഥെയൊസിന് എഴുതിയ . . . . .**
ജേക്കബ് തോമസ് .............................. 15

**പുനരുത്ഥാനത്തിന്റെ പ്രസക്തി**
യോഹന്നാൻ ഏബ്രഹാം ................ 16

**ഉണർന്നിരിപ്പീൻ**
രത്നാ ജേക്കബ്................................. 19

**സഭയാം ദൈവാലയത്തിലെ.......**
ജോർജ്ജ് സി. വർഗീസ് ................... 20

**ബൈബിൾ പ്രശ്നാവലി .................** 22

**വാർത്തകളും, കുറിപ്പുകളും** 23


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.10**

## 2008 ഒക്ടോബർ

*പത്രാധിപസമിതി*
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

*പബ്ലിഷർ & മാനേജർ*
സി. എ. ജോർജ്ജ്

*ഡി.റ്റി.പി.*
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

*പ്രിന്റിങ്*
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

*ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം*
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@hotmail.com

# ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ

ഡോ. കെ.സി. ജോൺസൺ,മാവേലിക്കര

സുഖമില്ലാതെ ആശുപത്രിയിൽ കിടന്ന മകനു നൽകാൻ കരിക്കു വാങ്ങാൻ പോയ പിതാവിനോട് ഒരു കൂട്ടം സുവിശേഷ വിരോധികൾ ചോദിച്ചു: നീ എവിടെ പോകുന്നു? പിതാവ് ഉത്തരം നൽകി. ഉടൻ അടുത്ത ചോദ്യം: നിന്റെ മതം ഏത്? ക്രിസ്ത്യാനി എന്ന് ആ പിതാവ് ഉത്തരം നൽകിയപ്പോൾ തനിക്ക് ക്രൂരമായ മർദ്ദനമാണ് ഏൽക്കേണ്ടി വന്നത്. ഒറീസയിലെ ഒരു ബ്രദ്റൺ സഭയിലെ ഒരംഗത്തിന് ഈ കഴിഞ്ഞ ഓഗസ്റ്റ് 25ന് ഉണ്ടായ അനുഭവമാണിത്. അതിനു ചില ദിവസങ്ങൾക്കു മുമ്പ് ഒരു ഹൈന്ദവ സന്യാസിയും സുവിശേഷ വിരോധിയും ആയിരുന്ന ഒരു വി.എച്ച്.പി. നേതാവ് കൊല്ലപ്പെട്ടതിനെ തുടർന്ന് ഒറീസ മുഴുവൻ ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൊലയുടെ ഉത്തരവാദിത്തം മാവോയിസ്റ്റുകൾ ഏറ്റെടുത്തിട്ടുണ്ട് എന്നു പത്രവാർത്ത. യേശുക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം നൂറിലധികംപേർ രക്തസാക്ഷികളായിത്തീർന്നു; അനേക സഭാഹോളുകളും പള്ളികളും നശിപ്പിക്കപ്പെട്ടു; സുവിശേഷ പ്രവർത്തകരെ തെരെഞ്ഞു പിടിച്ചു കൊല്ലുവാനുള്ള ശ്രമം ഒറീസയുടെ മിക്ക ഭാഗങ്ങളിലും ഉണ്ടായി. ക്രൂരമായി ആക്രമിക്കപ്പെട്ടവർ ആയിരങ്ങളാണ്; ഭവനങ്ങൾ അഗ്നിക്കിരയായവർ, ജീവനും കൊണ്ട് വനത്തിലേയ്ക്ക് ഓടിയവർ, ദേഹോപദ്രവമേറ്റവർ, ഇതുവരെ അദ്ധ്വാനിച്ചു നേടിയതെല്ലാം നഷ്ടപ്പെട്ടവർ, പേമാരിയിലും വനാന്തരത്തിൽ കഴിയേണ്ടിവരുന്നവർ അനവധിയാണ്

ഒറീസയിലെ വിശ്വാസികൾ പീഡനത്തിലും ഭീതിയിലും കഴിഞ്ഞ ആ ദിനങ്ങളിൽ അവരോടുള്ള നമ്മുടെ പ്രതികരണം എന്തായിരുന്നു? ഒറീസയിലെ നമ്മുടെ സുവിശേഷകന്മാരുടെ അവസ്ഥയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള ഒരു താല്പര്യം അനുവാചകരിൽ എത്ര പേർക്കുണ്ടായിട്ടുണ്ട്? ഈ വിഷയം സഭായോഗങ്ങളിൽ അറിയിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ച നമ്മുടെ എത്ര സഭകളുണ്ട്?

മറ്റുള്ളവരെക്കുറിച്ചു നാം അന്വേഷിക്കുമ്പോൾ അതിലൂടെ നമുക്കു ലഭിക്കുന്ന വിവരങ്ങൾ അവരെ കരുതുവാൻ നമ്മെ സഹായിക്കും. നെഹെമ്യാവ് യെഹൂദന്മാരെക്കുറിച്ചും യെരൂശലേമിനെക്കുറിച്ചും അന്വേഷിച്ചതിന്റെ പരിണിത ഫലമായാണ് തനിക്ക് അവിടെപ്പോയി അവരെ സഹായിക്കുവാനിടയായിത്തീർന്നത് (നെഹെ. 1:1,2). അന്വേഷണം പ്രാർത്ഥനയിലേക്കും പ്രവൃത്തിയിലേക്കും നമ്മെ നയിക്കും (നെഹെ. 1:4;6:15).

രക്ഷിക്കപ്പെട്ട ദൈവമക്കൾ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാണ്. നമ്മുടെ ശരീരത്തിലുള്ള വ്യത്യസ്ത അവയവങ്ങൾ അന്യോന്യം സഹകരിച്ചു പ്രവർത്തിക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ സഹകരിച്ചു പ്രവർത്തിക്കുമ്പോൾ ദൈവസഭയുടെ പ്രവർത്തനങ്ങൾ ദൈവം ആഗ്രഹിക്കുന്ന നിലയിൽ നടക്കുന്നതിനിടയാകും. ഒരു അവയവം കഷ്ടമനുഭവിക്കുമ്പോൾ അത് എല്ലാവരുടേയും കഷ്ടതയായും ഒരു അവയവത്തിനു മാനം വരുമ്പോൾ അത് എല്ലാവരുടേയും സന്തോഷമായും തീരുന്നു (1 കൊരി. 12: 26,27). ഈ സത്യം നാം മനസ്സിലാക്കുമെങ്കിൽ നമുക്കു അന്യോന്യം കരുതുന്നതിനും ഭാരങ്ങളെ ചുമക്കുന്നതിനും (ഗലാ. 6:2) പ്രയാസമുണ്ടാകയില്ല. ഒറീസയിലെ വിശ്വാസികൾക്കു നേരിട്ടതുപോലെയുള്ള പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകുമ്പോൾ ദൈവജനം ഉണരേണ്ടതാണ്. പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കേണ്ടതാണ്. സഭയായി പ്രാർത്ഥനാ യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ആദിമസഭ സുവിശേഷം നിമിത്തം തടവിലായിരുന്ന പത്രൊസിനുവേണ്ടി ശ്രദ്ധയോടെ ദൈവത്തോടു പ്രാർത്ഥിച്ചതുപോലെ (അപ്പൊ. 12:3-5,12) വിശ്വാസം നിമിത്തം കഷ്ടം അനുഭവിക്കുന്ന ദൈവമക്കൾക്കുവേണ്ടി നമുക്കും പ്രാർത്ഥിക്കാം.

റോമിനു തീ വെച്ചിട്ട് അതിന്റെ കുറ്റം ക്രിസ്ത്യാനികളുടെമേൽ കെട്ടിവെച്ച് അവരെ കൂട്ടക്കൊല ചെയ്ത ചരിത്രമാണ് ഒന്നാം നൂറ്റാണ്ടിന്റേത്. ആയിരങ്ങളെ ചുട്ടു കൊന്നു. എന്നിട്ട് എന്തു സംഭവിച്ചു എന്നുള്ളത് ചരിത്രം. സഭ സ്ഥാപിതമായതു മുതൽ ഇന്നയോളം എവിടൊക്കെയെങ്കിലും വിശ്വാസികൾ

# ആരാധനാ ചിന്തകൾ - 2

റ്റി.ജെ. തോമസ്, കുളനട

നമസ്കരിക്കുക അഥവാ ആരാധിക്കുക എന്നതിന് ഗ്രീക്കിൽ പ്രോസ്ക്കുനെ-ഓ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് എന്നും അതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് ലക്കത്തിൽ ആരാധനയെപ്പറ്റി ചിന്തിച്ചു. ചുരുക്കിപ്പറഞ്ഞാൽ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്നതുതന്നെ യഥാർത്ഥ ആരാധനയാണ്. ഈ ലക്കത്തിൽ ആദിമസഭ കർത്താവിനെ ആരാധിക്കാൻ എവിടെ എങ്ങനെ കൂടിവന്നു എന്നു നോക്കാം. ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിൽ ഞങ്ങൾ അപ്പം നുറുക്കാൻ കൂടി വന്നു (പ്രവൃ. 20:7).

പൗലൊസും കൂടെയുള്ളവരും ത്രോവാസിൽ വന്നപ്പോൾ അവിടെയുള്ള അപ്പംനുറുക്കി ആരാധിക്കുന്നവരോടു ചേർന്ന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവന്നു എന്നു മനസ്സിലാക്കാം. അവർ അവിടെയുള്ള ഒരു മാളികയുടെ മൂന്നാം നിലയിൽ കൂടി വന്നു എന്നും അവരുടെ കൂടിവരവിൽ വചന ശുശ്രൂഷയും മറ്റും കഴിഞ്ഞു ഒടുവിൽ അപ്പംനുറുക്കി ആരാധന കഴിഞ്ഞ് പുലർച്ചയ്ക്കു ശേഷം അവിടെ നിന്നും പൗലൊസും കൂടെയുള്ളവരും യാത്ര തുടർന്നു എന്നും മനസ്സിലാക്കാം. ഇത് ഒരാഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു. പ്രവൃ. 2:46,47 എന്നീ വാക്യം വായിച്ചാൽ ആരംഭനാളുകളിൽ വിശുദ്ധന്മാർ ദിനംപ്രതി കൂടിവന്നു അപ്പം നുറുക്കിയും ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു കൂടിവന്നു എന്നു കാണുന്നു. നാളുകൾ കഴിഞ്ഞപ്പോൾ അത് ആഴ്ചവട്ടത്തിന്റെ ഒന്നാംനാളായി മാറി എന്നു കരുതാം. ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിന്റെ ചില പ്രാധാന്യം തിരുവചനത്തിൽ നോക്കാം.

1. യിസ്രായേൽ ജനം വാഗ്ദത്തദേശത്തു വന്ന് ആദ്യവിളവെടുപ്പിന്റെ ആദ്യ കറ്റ ദൈവസന്നിധിയിൽ നിരാജനം ചെയ്യാൻ പുരോഹിതന്റെ പക്കൽ ഏൽപ്പിക്കുന്നത് ഒരു ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആയിരുന്നു. ശബ്ബത്തിന്റെ പിറ്റെ ദിവസം (ലേവ്യ. 23:9-11). ഈ കറ്റ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന് നിഴലായിരുന്നു.
2. അന്നു മുതൽ എണ്ണി 7 ശബ്ബത്ത് തികയുന്നതിന്റെ പിറ്റെ ദിവസം പെന്തിക്കൊസ്തു നാൾ ആണ്. അന്ന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പരിശുദ്ധാത്മാവിന്റെ അവരോഹണം (പ്രവൃ. 2:1-4).
3. അതേ ദിവസം പരിശുദ്ധാത്മ സ്നാനത്താൽ സഭാരൂപീകരണം (1 കൊരി. 12:13).
4. സുവിശേഷീകരണത്തിന് കല്പനയും അധികാരവും കൊടുത്തു (യോഹ 20:19-23).
5. അപ്പംനുറുക്കാൻ കൂടിവന്ന ദിവസം (പ്രവൃ. 20:7)
6. ധർമ്മശേഖരണ നാൾ (1 കൊരി. 16:2)
7. യോഹന്നാൻ കർത്തൃദിവസത്തിൽ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നു ഇവിടെ കയറിവരിക എന്ന് കാഹളത്തിനൊത്ത ശബ്ദത്തോടെ കേട്ടു. ഇത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എങ്കിൽ വിശുദ്ധന്മാരുടെ നിത്യതയിലേക്കുള്ള പ്രവേശനം ഇതേ ദിവസം ആയിക്കൂടെ എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. അങ്ങനെയെങ്കിൽ സങ്കീ. 118:24 ൽ ഇത് യഹോവയുണ്ടാക്കിയ ദിവസം ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്ക എന്ന് അത്യാഹ്ലാദത്തോടെ പറയാം. (തുടരും)

---

കൊലചെയ്യപ്പെട്ടുകൊണ്ടാണിരിക്കുന്നത്. രക്തസാക്ഷികളുടെ രക്തം സഭയുടെ വളർച്ചയ്ക്കുള്ള വളമായിട്ടേ ഭവിക്കൂ. സുവിശേഷം നിമിത്തം വിവരണാതീതമായ പീഡ അനുഭവിക്കുകയും ഒടുവിൽ നീറോയുടെ വാളിനാൽ ശിരച്ഛേദം ചെയ്യപ്പെട്ട് രക്തസാക്ഷിയാകുകയും ചെയ്ത പൗലൊസ് അപ്പൊസ്തലൻ തന്റെ ജീവകാലത്ത് പീഡ അനുഭവിക്കുന്ന തെസ്സലൊനീക്യയിലെ വിശ്വാസികൾക്ക് ഇങ്ങനെ എഴുതി: "*കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും*" (2 തെസ്സ. 1:6-10).

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 26

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 20. ജലപ്രളയത്തിനെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി.**

അന്ത്യകാലത്ത് നോഹയുടെ കാലത്തെ ജലപ്രളയത്തെ മനസ്സോടെ നിഷേധിക്കുന്ന ഒരു കൂട്ടം ആളുകൾ ഭൂമിയിൽ ഉണ്ടായിരിക്കും എന്ന് പത്രൊസ് അപ്പൊസ്തലൻ ഏകദേശം 1900 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചിരുന്നു. “സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവീൻ................അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങിനശിച്ചു എന്നും .........അവർ മനസ്സോടെ മറന്നു കളയുന്നു”(2 പത്രൊസ് 3:4-7).

ഈ പ്രവചനം ഇന്നത്തെ പരിണാമവാദികളിൽ ആക്ഷരികമായി നിറവേറിയിരിക്കുന്നു. കാരണം പരിണാമവാദത്തെ സ്ഥാപിക്കുവാനായി ആദ്യമായി അവർ ചെയ്യുന്നത് നോഹയുടെ കാലത്തെ ജലപ്രളയത്തെ നിഷേധിക്കുക എന്നതാണ്. പരിണാമവാദികൾ ജലപ്രളയത്തെ നിഷേധിക്കുന്നത് അവർക്ക് താഴെ പറയുന്ന 3 കാര്യങ്ങൾ വിശ്വസിക്കുവാൻ പ്രയാസം ഉള്ളതുകൊണ്ടാണ്.

1.) ബൈബിളിൽ വിവരിച്ചിരിക്കുന്ന പ്രകൃത്യാതീത (Super natural) സംഭവങ്ങൾ സത്യമാണ്. 2). ബൈബിളിലെ ദൈവം പാപത്തെ ന്യായം വിധിക്കുന്ന ദൈവമാണ്(ജലപ്രളയം ദൈവത്തിന്റെ ന്യായവിധി ആയിരുന്നുവല്ലോ). 3) ഇന്ന് ഭൂമിയിൽ ജീവാശ്മങ്ങളോട് (fossils) കൂടെ കാണപ്പെടുന്ന ഊറൽ പാറ അടുക്കുകൾ (sedimentary rock layers) നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഏകദേശം ഒരു വർഷത്തിനുള്ളിൽ അടിഞ്ഞവയാണ്.

പരിണാമവാദികൾ ഇന്ന് വിശ്വസിക്കുന്നത് ഊറൽപാറ അടുക്കുകൾ കോടികണക്കിനു വർഷങ്ങളിലൂടെ സാവധാനമായി അടിഞ്ഞവയാണെന്നും അവയിൽ കാണുന്ന ജീവാശ്മങ്ങൾ ആ യുഗങ്ങളിൽ നടന്ന പരിണാമത്തെ കാണിക്കുന്നു എന്നുമാണ്. നോഹയുടെ കാലത്തെ ജലപ്രളയം വാസ്തവത്തിൽ നടന്ന ഒരു ആഗോള സംഭവമായിരുന്നു എന്നു വിശ്വസിച്ചാൽ ഇന്നു കാണുന്ന ഊറൽ പാറ അടുക്കുകൾ ആ പ്രളയത്തിൽ അടിഞ്ഞവയാണന്ന് അവർക്ക് സമ്മതിക്കേണ്ടിവരും. അങ്ങനെ സമ്മതിച്ചാൽ താഴെപറയുന്ന 2 കാരണങ്ങളാൽ പരിണാമവാദത്തിന്റെ അടിസ്ഥാനം ഇളകുന്നു.

1. ഭൂമിയുടെ ചിരിത്രത്തിൽകോടിക്കണക്കിനു വർഷങ്ങൾ നീണ്ടുനിന്ന .യുഗങ്ങൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് പരിണാമം നടക്കുവാനുള്ള സമയം ലഭിച്ചിട്ടില്ല.

2. ഊറൽ പാറകളിൽ കാണുന്ന ജീവാശ്മങ്ങൾ പ്രളയത്തിൽ നടന്ന വിനാശത്തെയാണ് കാണിക്കുന്നത്. പരിണാമത്തെയല്ല.

ഈ കാരണങ്ങളാൽ പരിണാമവാദത്തെ നിലനിർത്തുവാനായി അവർക്ക് നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കേണ്ടിവരുന്നു. ഇന്ന് ലോകമെമ്പാടും കാണപ്പെടുന്ന ഊറൽപാറ അടുക്കുകളും അവയിലുള്ള ജീവാശ്മങ്ങളും ഒരു ആഗോളപ്രളയം നടന്നിട്ടുള്ളതിന് മതിയായ തെളിവുകളാണ്. പക്ഷേ പരിണാമവാദികൾ അവയെ പരിണാമവാദം സ്ഥാപിക്കുവാനുള്ള തെളിവുകളായി മനസ്സോടെ മാറ്റിയെടുത്തിരിക്കുന്നു.

ഒരു ആഗോള ജലപ്രളയം നടന്നിട്ടില്ല എന്ന് വാദിക്കുവാനായി പരിണാമവാദികൾ പല ശാസ്ത്രീയ ആക്ഷേപങ്ങൾ കൊണ്ടുവരുന്നു. ആ ആക്ഷേപങ്ങൾക്ക് താഴെ മറുപടി കൊടുക്കുന്നു.

**ആക്ഷേപം 1.** ഏറ്റവും ഉയർന്ന പർവ്വതമായ എവറെസ്റ്റിനെ മൂടത്തക്കവണ്ണം ഭൂമിയിൽ വെള്ളം ഉയരുക അസാദ്ധ്യമാണ്. ഇത്രയും വെള്ളം എവിടെ നിന്ന് വന്നു? പ്രളയത്തിനു ശേഷം എവിടെ പോയി?

**മറുപടി –** ഇന്നത്തെ ഭൂമിയുടെ സ്ഥലവിശേഷതകൾ(topography) മനസ്സിൽ വെച്ചുകൊണ്ടാണ് ആളുകൾ ഈ ആക്ഷേപം കൊണ്ടുവരുന്നത്. ഏകദേശം 5 മൈലിൽ (8 km) കൂടുതൽ ഉയരത്തിൽ നില്ക്കുന്ന എവറെസ്റ്റാണ് ഇന്ന് ഭൂമിയിൽ ഏറ്റവും ഉയർന്ന പർവ്വതം. നോഹയുടെ കാലത്തും എവറെസ്റ്റ്തന്നെ ആയിരിക്കണം ഏറ്റവും ഉയർന്ന പർവ്വതം. അപ്പോൾ ഇതിനെ മൂടുവാൻ തക്കവണ്ണം വെള്ളം എവിടെ നിന്ന് വന്നു എന്നതാണ് ചോദ്യം.

പക്ഷെ ഇന്നത്തെ ഭൂമിയിലുള്ള സവിശേഷതകളല്ല പ്രളയ പൂർവ്വ ഭൂമിയിൽ (pre-floodearth) ഉണ്ടായിരുന്നത് എന്ന് നാം മനസ്സിലാക്കിയിരിക്കണം. ഉദാഹരണത്തിന് പ്രളയ-പൂർവ ഭൂമിയിൽ ഒരു കരയും ഒരു സമുദ്രവും ഉണ്ടായിരുന്നതായിട്ടാണ് മനസ്സിലാകുന്നത് (ഉല്പത്തി 1:9-10) പക്ഷേ ഇന്നത്തെ ഭൂമിയിൽ പല ഭൂഖണ്ഡങ്ങളും പല സമുദ്രങ്ങളും ഉണ്ടല്ലോ. അങ്ങനെ പ്രളയാനന്തര ഭൂമിയുടെ (Post-flood earth) മുകൾപരപ്പിൽ പ്രളയത്തിന് മുമ്പ് ഇല്ലാതിരുന്ന പല വ്യത്യാസങ്ങളും വന്നിരിക്കുന്നതായി മനസ്സിലാക്കാം.ഈ വ്യത്യാസ

ങ്ങളിൽ ഒന്നാണ് ഉയർന്ന മലകളുടെ ആവിർഭാവം.

ഒരു കാലത്ത് കരപ്രദേശങ്ങൾ എല്ലാം ഒന്നായിരുന്നു എന്നും അത് പിന്നെ വിഭജിച്ചാണ് ഇന്ന് കാണുന്ന ഭൂഖണ്ഡങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നതെന്നും ശാസ്ത്രജ്ഞന്മാർ ഇന്ന് അംഗീകരിച്ചിരിക്കുന്നു. ഈ ആശയത്തെ continental drift theory എന്നു പറയുന്നു. ഭൂമിക്കുള്ളിലുള്ള പ്ലേറ്റുകൾ ചലിച്ചു തുടങ്ങിയതുകൊണ്ടാണ് ഭൂഖണ്ഡങ്ങൾ വിഭജിച്ച് മാറിയത്. ഭൂപ്ലേറ്റുകളുടെ ഈ ചലനത്തെ Plate Tectonicsഎന്ന് പറയുന്നു. ഭൂപ്ലേറ്റുകൾ തമ്മിൽ കൂട്ടി ഇടിച്ച് ഭൂപ്രദേശങ്ങൾ ഉയർന്നതുകൊണ്ടാണ് ഇന്നത്തെ വലിയ പർവ്വതങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നത് എന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുന്നു.

ഏകദേശം 200 million വർഷങ്ങൾക്ക് മുമ്പ് ഭൂപ്ലേറ്റുകളുടെ ചലനം ആരംഭിച്ച് ഇന്ന്വരെ അത് സാവധാനമായി തുടരുന്നു എന്നും ഇന്ത്യയെയും ചൈനയെയും താങ്ങുന്ന ഭൂപ്ലേറ്റുകൾ കൂട്ടി ഇടിച്ച് ഏകദേശം 40 million വർഷങ്ങൾക്ക് മുമ്പ് എവറെസ്റ്റ് പർവ്വതം ഉണ്ടായി വന്നുഎന്നും പരിണാമവാദങ്ങൾ പറയുന്നു. പക്ഷേ സൃഷ്ടിവാദികളുടെ അഭിപ്രായം അനുസരിച്ച് ബൈബിൾ സംഭവങ്ങളുടെ കാലക്രമത്തിൽ ഭൂപ്ലേറ്റുകളുടെ ചലനം ആരംഭിച്ച സംഭവം യോജിച്ചു വരുന്നത് നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് മാത്രമാണ്. അന്നുതന്നെ അഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു (ഉല്പത്തി 7:11) എന്ന് ബൈബിൾ പറയുന്നുവല്ലോ. ജലപ്രളയസമയത്ത് ഭൂപ്ലേറ്റുകൾ ഉഗ്രമായി ചലിച്ചുകൊണ്ടിരിക്കുകയും തമ്മിൽ കൂട്ടി ഇടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ വലിയ ഭൂകമ്പങ്ങളും അഗ്നിപർവ്വതസ്ഫോടനങ്ങളും സമുദ്രത്തിലും കരയിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കാം. അങ്ങനെ പ്രളയസമയത്ത് ഭൂപ്ലേറ്റുകൾ കൂട്ടി ഇടിച്ച് ഭൂപ്രദേശങ്ങൾ ഉയർന്നുക്കൊണ്ടിരിക്കുന്നതിനാൽ പ്രളയത്തിന്റെ അവസാന സമയത്തേക്ക് എവറെസ്റ്റ് ഉൾപ്പെടെ എല്ലാ വലിയ മലകളും ഉണ്ടായി വന്നതായി മനസ്സിലാക്കാം. പ്രളയത്തിന് മുമ്പുണ്ടായിരുന്ന ഭൂമിയിൽ പല മലകളും ഉണ്ടായിരുന്നുവെങ്കിലും (ഉല്പത്തി 7:19-20) വലിയ പർവ്വതങ്ങൾ ഉണ്ടായി വന്നത് പ്രളയത്തിന് ശേഷമാണെന്ന്, സംഭവങ്ങളെ അവയുടെ ക്രമത്തിൽ വ്യാഖ്യാനിക്കുമ്പോൾ മനസ്സിലാകുന്നു.

കാര്യങ്ങളെ ഇങ്ങനെ മനസ്സിലാക്കുമ്പോൾ , നോഹയുടെ കാലത്തെ ജലപ്രളയം ആരംഭിച്ചപ്പോൾ ഭൂമുഖത്ത് എവറെസ്റ്റ് പർവ്വതം ഇന്നത്തെ ഉയരത്തിൽ ഇല്ലായിരുന്നു എന്നും അതുകൊണ്ട് എവറെസ്റ്റിനെ മൂടുവാൻ തക്കവണ്ണം വെള്ളം എങ്ങനെ ഉയർന്നു എന്ന ചോദ്യം അപ്രസക്തം ആണ് എന്നും തെളിയുന്നു.

എവറെസ്റ്റ് ഏറ്റവും ഉയർന്ന പർവ്വതം ആയതുകൊണ്ട് അതിനെ മൂടാതെ പ്രളയം മെസപ്പൊട്ടാമ്യയിൽ ഉള്ള ചില ചെറിയ മലകളെ മാത്രമാണ് മൂടിയത് എന്ന് നാം ചിന്തിക്കരുത്. എവറെസ്റ്റിന്റെ മുകൾഭാഗം കടൽ ജീവികളുടെ ജീവാശ്മങ്ങളോടുകൂടെയുള്ള ഊറൽ പാറകളാൽ നിർമ്മിതമായിരുന്നു. ഇക്കാരണത്താൽ എവറെസ്റ്റും ഒരു കാലത്ത് വെള്ളത്തിനടിയിലായിരുന്നു എന്ന് മനസ്സിലാകുന്നു. പക്ഷെ എവറെസ്റ്റിന്റെ ഇന്നുള്ള ഉയരത്തിനൊപ്പം വെള്ളം ഉയർന്നു എന്ന് ചിന്തിക്കുന്നത് ഒരു ശാസ്ത്രീയ അബദ്ധമാണ്. അതുകൊണ്ട് എവറെസ്റ്റ് പ്രളയത്തിന്റെ അവസാന സമയത്തേക്ക് ഉയർന്നുവന്നതാണ് എന്ന് നമുക്ക് നിസംശയം മനസ്സിലാക്കാം,.

പ്രളയസമയത്ത് വളരെ ഉയർന്ന പർവ്വതങ്ങളിൽ പലതും ഇല്ലാതിരുന്നതുകൊണ്ട് വെള്ളം ഭൂമിയെ മുഴുവനും ആഗോളമായി മൂടി എന്ന വസ്തുത ആക്ഷരികമായിത്തന്നെ നമുക്ക് വിശ്വസിക്കാം, പ്രളയത്തിന്റെ അവസാന സമയത്തേക്ക് ഉയരമുള്ള പല പർവ്വതങ്ങളും ഉയർന്നു വന്നു എന്ന അടിസ്ഥാനത്തിൽ പ്രളയത്തിനുശേഷം വെള്ളം എവിടെ പോയി എന്ന ചോദ്യത്തിനു വിശദീകരണം ലഭിക്കുന്നു. ഉയർന്ന പർവ്വതങ്ങൾ കരയിൽ ഉണ്ടായി വന്നപ്പോൾ അത്രയും താഴ്ചയിൽ തന്നെ താഴ്‌വരകൾ സമുദ്രത്തിൽ ഉണ്ടായി വന്നു. കരയെ മൂടിയിരുന്ന വെള്ളം എല്ലാം ആ താഴ്‌വരയിലേക്ക് ഇറങ്ങിപ്പോയി. അതുകൊണ്ട് പ്രളയാനന്തരം വെള്ളം ഭൂമിയെ വിട്ട് ബഹിരാകാശത്തേക്കെങ്ങും പോയിട്ടില്ല. ആ വെള്ളം തന്നെയാണ് ഇന്ന് സമുദ്രങ്ങളിൽ നാം കാണുന്നത്.

പ്രളയസമയത്ത് മലകൾ ഉയർന്ന സംഭവത്തെക്കുറിച്ച് ഒരു വിവരണം സങ്കീ. 104: 6-9ൽ വായിക്കുന്നു. നീ അതിനെ (ഭൂമിയെ) വസ്ത്രം കൊണ്ടെന്നപോലെ ആഴികൊണ്ട് മൂടി. വെള്ളം പർവ്വതങ്ങൾക്ക് മീതെ നിന്നു. അവ നിന്റെ ശാസനയാൽ ഓടിപ്പോയി. മലകൾ പൊങ്ങി, താഴ്‌വരകൾ താണു. നീ അവക്ക് നിശ്ചയിച്ച സ്ഥലത്തേക്ക് വാങ്ങിപ്പോയി ഭൂമിയെ മൂടുവാൻ മടങ്ങിവരാതിക്കേണ്ടതിന് നി അവക്കു കടന്നുകൂടാത്ത ഒരു അതിർ ഇട്ടു. ഈ വാക്യങ്ങളെ ഉല്പത്തി ഒന്നാം അദ്ധ്യാ

യത്തിൽ ഭൂമി വെള്ളത്തിനടിയിൽ ആയിരുന്നതിനോടും പിന്നെ മൂന്നാം ദിവസം ദൈവം ഉണങ്ങിയ നിലം ഉണ്ടാക്കിയതിനോടും ബന്ധപ്പെടുത്തിയാണ് പലരും മനസ്സിലാക്കുന്നത്. ആ വ്യാഖ്യാനം ശരിയായിരിക്കാം. എങ്കിലും ഭൂമിയെ മൂടുവാൻ മടങ്ങി വരാതിരിക്കത്തക്കവണ്ണം ദൈവം സമുദ്രത്തിന് ഒരു അതിർ കല്പിച്ചു എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഈ വാക്യങ്ങൾ നോഹയുടെ കാലത്തെ ജലപ്രളയത്തോടുള്ള ബന്ധത്തിലാണ് കൂടുതൽ യോജിച്ചു വരുന്നത്. ജലപ്രളയത്തിനു ശേഷം മലകൾ പൊങ്ങി എന്നും താഴ്വരകൾ താണു എന്നും വളരെ സ്പഷടമായി ഈ വാക്യങ്ങൾ വിശദീകരിക്കുന്നു. ഭൂപ്ലേറ്റുകൾ തമ്മിൽ കൂട്ടി ഇടിച്ചതു കൊണ്ട് ഇവ സംഭവിച്ചതെന്ന് നമുക്ക് ശാസ്ത്രീയമായി മനസ്സിലാക്കാം, ഈ താഴ്വരയിലേക്കാണ് പ്രളയത്തിനുശേഷമുള്ള വെള്ളം ഇറങ്ങിപ്പോയത്. Plate Tectonics നെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ മാസികയുടെ നവംബർ 07 ലക്കം കാണുക.

ഇന്ന് ഒരു നിമിഷത്തേക്ക് ഭൂമിയിലുള്ള മലകളെ എല്ലാം എടുത്ത് സമുദ്രത്തിൽ ഇട്ട് ഭൂമിയെ നിരപ്പാക്കി എടുത്താൽ 1.7 മൈൽ (2.7 കി.മി.) ഉയരത്തിൽ ഭൂമിയെ മൂടുവാൻ തക്കവണ്ണം വെള്ളം സമുദ്രത്തിൽ ഉണ്ട്. ഈ വെള്ളമാണ് പ്രളയസമയത്ത് ഭൂമിയെ മൂടിയത്.

ഇത്രയും വെള്ളം എവിടെ നിന്ന് വന്നു എന്നതിന് ഇന്നത്തെ ശാസ്ത്രീയ അറിവിന്റെ അടിസ്ഥാനത്തിൽ ഒരു വിശദീകരണം നല്കുക പ്രയാസമാണ്. ബൈബിൾ പറയുന്നത് അനുസരിച്ച് പ്രളയത്തിനുള്ള വെള്ളം വന്നത് ഉറവിടങ്ങളിൽ നിന്നാണ്. അന്നുതന്നെ ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു, ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു. 40 രാവും 40 പകലും ഭൂമിയിൽ മഴ പെയ്തു. (ഉല്പത്തി 7:11-12) എന്നു ബൈബിൾ പറയുന്നു.

ആഴിയുടെ ഉറവുകൾ പിളർന്നു എന്നു പറയുന്നത് സമുദ്രത്തിൽ ഉണ്ടായ ചലനത്തെ കാണിക്കുന്നു. ഇത് 2 വിധത്തിൽ പ്രളയത്തിന് സഹായകരമായിരിക്കണം.

1. ഭൂമി പിളർന്നപ്പോൾ ഭൂമിക്ക് അടിയിലുള്ള വെള്ളം(subterranean water) ധാരാളമായി വെളിയിലേക്ക് വന്നിരിക്കണം.,

2. സമുദ്രത്തിനുള്ളിൽ അഗ്നിപർവ്വതസ്ഫോടനവും ഭൂകമ്പവും ഉണ്ടായപ്പോൾ വെള്ളം ഇരെച്ച് കരയിലേക്ക് കയറിയിരിക്കണം (ആമോസ് 9.6)

എങ്കിലും പ്രളയത്തിനാവശ്യമായ വെള്ളം പ്രധാനമായും വന്നത് ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നതുകൊണ്ടാണെന്ന് മനസ്സിലാക്കാം. അന്തരീക്ഷത്തിലോ ബഹിരാകാശത്തിലോ സംഭരിക്കപ്പെട്ടിരുന്ന വെള്ളം 40 ദിവസത്തേക്ക് തുടർച്ചയായി ഭൂമിയിലേക്ക് വീണുകൊണ്ടിരുന്നു എന്നു സാരം., ഇന്ന് ഇങ്ങനെ ഒരു പ്രതിഭാസം ഭൂമിയിൽ കാണാത്തതുകൊണ്ട് ഇതിനെ ശാസ്ത്രീയമായി വിശദികരിക്കുക പ്രയാസമാണ്.

സൃഷ്ടിയുടെ രണ്ടാം ദിവസം ദൈവം ഒരു വിതാനം ഉണ്ടാക്കി ഭൂമിയെ മൂടിയിരുന്ന കുറച്ച് വെള്ളത്തെ വിതാനത്തിനു മുകളിൽകൊണ്ടുപോയി വെള്ളങ്ങളെ തമ്മിൽ വേർപിരിച്ചു എന്നു നാം വായിക്കുന്നു. (ഉല്പത്തി 1:6-7) അങ്ങനെ ആരംഭത്തിൽ തന്നെ ദൈവം ആകാശത്തിന് മീതെ കുറച്ച് വെള്ളം സംഭരിച്ചിരുന്നു എന്ന് മനസ്സിലാകുന്നു. ഈ വെള്ളമാണ് ജലപ്രളയത്തിനുവേണ്ടി താഴോട്ട് വീണത് എന്ന് മനസ്സിലാക്കാം. പ്രളയപൂർവ്വ ഭൂമിയിൽ അന്തരീക്ഷത്തിൽ ഭൂമിക്ക് ചുറ്റും ഒരു ജല വിതാനം (water canopy) ഉണ്ടായിരുന്നു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട് പക്ഷേ ഇങ്ങനെ ഒരു ജല വിതാനത്തെ ശാസ്ത്രീയമായി തെളിയിക്കുവാൻ സാധിക്കുകയില്ല. കാരണം ഇങ്ങനെയുള്ള ഏത് ജലവിതാനവും ഭൂമിയിൽ അസഹ്യമായ ചൂട് ജനിപ്പിക്കും. ദൈവം ആകാശത്തിൻ മീതെ എതു വിധത്തിൽ വെള്ളം ശേഖരിച്ചിരുന്നു എന്ന് നമുക്ക് ഇന്ന് തീരുമാനിക്കുവാൻ പ്രയാസമാണെങ്കിലും ഈ വെള്ളമാണ് പ്രളയത്തിന് പ്രധാനമായും ഉപയോഗിക്കപ്പെട്ടത് എന്നത് സ്പഷ്ടമാണ്. (തുടരും)

## ആത്മപ്രകാശിനി വിദേശ വരിക്കാരുടെ ശ്രദ്ധയ്ക്ക്

2008 സെപ്റ്റം. മുതൽ വിദേശത്തേക്കുള്ള തപാൽ ചാർജ് (Air Mail) വർദ്ധിച്ചതിനാൽ ഇതുവരെ Rs.13/- ന് അയച്ചുകൊണ്ടിരുന്ന മാസിക തുടർന്ന് അയക്കുന്നതിന് Rs.25/-ന്റെ സ്റ്റാമ്പ് ആവശ്യമായിരിക്കുന്നു. അതിനാൽ ഈ വർദ്ധനവ് മൂലം ഉണ്ടായിരിക്കുന്ന അധിക ചെലവ് മാന്യ മാസിക മിത്രങ്ങളുടെ സഹകരണംകൊണ്ടു മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ദയവായി കുടിശികയുള്ള വിദേശ മിത്രങ്ങൾ അതും ചേർത്ത് വരിസംഖ്യ അയച്ചുതന്ന് സഹകരിക്കേണമേ. എന്ന് മാനേജർ.

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**1. ആരാണ് പിതാവിനെ ആരാധിക്കേണ്ടത്?**

സൃഷ്ടികൾക്കെല്ലാം സൃഷ്ടാവിനെ ആരാധിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ദൈവസൃഷ്ടികളായ മനുഷ്യവർഗ്ഗം പാപം ചെയ്തതിനാൽ സ്രഷ്ടാവിൽ നിന്നും എന്നന്നേക്കും അകന്നുപോയി. പാപത്താൽ ദൈവത്തിൽ നിന്നും അകലപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ ആരാധന ദൈവം സ്വീകരിക്കുന്നതല്ല. പാപപരിഹാരം ലഭിക്കാതെ സത്യസ്വരൂപനായ ദൈവത്തെ ആരാധിക്കാൻ സാദ്ധ്യമല്ല. ദൈവത്തെ ആരാണ് നമസ്കരിക്കേണ്ടത് എന്ന് കർത്താവു തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

**A സത്യനമസ്കാരികൾ പിതാവിനെ ആരാധിക്കണം**

1. ആരാണ് സത്യനമസ്കാരികൾ (യോഹ 4:21-24)

കർത്തവായ യേശുക്രിസ്തു ശമര്യാക്കാരി സ്ത്രീയോട് സംസാരിക്കുന്ന സന്ദർഭത്തിലാണ് സത്യനമസ്ക്കാരികളെക്കുറിച്ച് പറയുന്നത്. ശമര്യക്കാരുടെ ആരാധന സത്യനമസ്കാരം അല്ലായിരുന്നു. ശമര്യാക്കാർ ഗെരിസിം മലയിലും യഹൂദന്മാർ യെരുശലേമിലും ദൈവത്തെ ആരാധിച്ചിരുന്നു. ശമര്യരുടെ ഗെരിസിം മലയിൽ പല ദേവന്മാരുടെ കൂട്ടത്തിൽ ഒരു അജ്ഞാത ദേവനെയും ആരാധിച്ചിരുന്നു. അതുകൊണ്ടാണ് കർത്താവ് അവളോട് നിങ്ങൾ അറിയാത്തതിനെ. . . നമസ്കരിക്കുന്നു എന്നു പറയുന്നത്. (യോഹ 4:22). നിങ്ങൾക്ക് മറപൊരുളായിരിക്കുന്ന വ്യക്തി ഞാൻ തന്നെയാണ് എന്ന് കർത്താവ് പരിചയപ്പെടുത്തിക്കൊടുക്കുന്നു.

"സത്യനമസ്കാരികൾ പിതാവിനെ സത്യത്തിലും ആത്മാവിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹ. 4:23)ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിലായിരിക്കണം. ആ ആരാധന സത്യത്തിലൂടെയായിരിക്കണം അഥവാ സത്യമായ ആരാധനയായിരിക്കണം. സത്യത്താൽ സ്വതന്ത്രമാക്കപ്പെട്ടവരാണ് സത്യനമസ്കാരികൾ.

**2. എന്താണ് സത്യം?**

"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു" (യോഹ 14:6). യേശുക്രിസ്തുവാണ് വഴിയും സത്യവും. ക്രിസ്തു പ്രസ്താവിച്ച കാര്യം ഒരിക്കൽക്കൂടി പീലാത്തോസിനോട് പ്രസ്താവിക്കുന്നു. "സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു" (യോഹ. 18:37). സത്യം കർത്താവായ യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിൽക്കൂടി മാത്രമേ പിതാവായ ദൈവത്തെ ആരാധിക്കാൻ പാടുള്ളൂ എന്നാണ് പറഞ്ഞതിന്റെ അർത്ഥം. കർത്താവ് മറ്റൊരിക്കൽ പറഞ്ഞു സത്യം നിങ്ങളെ സ്വതന്ത്രരാക്കും. പാപികളായ മനുഷ്യവർഗ്ഗത്തിന് യേശുക്രിസ്തുവിൽക്കൂടി മാത്രമേ സ്വാതന്ത്ര്യം പ്രാപിക്കാൻ സാധിക്കൂ.

**3. സത്യത്താൽ സ്വതന്ത്രരാക്കപ്പെട്ടവർ ആരാണ്?**

സത്യത്താൽ സ്വതന്ത്രരാക്കപ്പെട്ടവർ ദൈവമക്കളാണ്. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർ ദൈവമക്കൾ (യോഹ 1:12-13). അവർ ദൈവസഭയുടെ അംഗങ്ങളാണ് (അപ്പൊ. 2:47). രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് ദൈവസഭ. ദൈവമക്കൾക്കു മാത്രമേ പിതാവായ ദൈവത്തെ പുത്രനായ കർത്താവായ യേശുക്രിസ്തുവിൽകൂടെ ആരാധിക്കാൻ അവകാശമുള്ളൂ. കർത്താവിന്റെ സ്വന്തരക്തത്താൽ സമ്പാദിച്ചതാണ് തന്റെ സഭ (അപ്പൊ. 20:28; എബ്രാ. 9:14). ക്രിസ്തുവിന്റെ നിസ്തുല്യ രക്തമാണ് ജീവനുള്ള ദൈവത്തെ ആരാധിക്കാനുള്ള ഘടകം. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്ക് മാത്രമാണ് ദൈവത്തെ ആരാധിക്കാൻ അവകാശമുള്ളത്.

**B. പുരോഹിതർക്ക് ആരാധിക്കാം**

പഴയനിയമത്തിൽ ദൈവസന്നിധിയിൽ ആരാധന അർപ്പിച്ചിരുന്നത് പുരോഹിതന്മാരായിരുന്നു. യാഗങ്ങൾ നടന്നിരുന്നതുകൊണ്ട് ജനങ്ങളുടെ ആരാധന ദൈവസന്നിധിയിൽ അർപ്പിക്കുവാൻ മദ്ധ്യസ്ഥന്മാരായി പുരോഹിതന്മാർ ഉണ്ടായിരുന്നു. യാഗങ്ങൾ കഴിക്കുമ്പോൾ പുരോഹിതന്മാരെ കൂടാതെ യാഗം അർപ്പിച്ച് ദൈവത്തെ മഹത്വപ്പെടുത്താൻ സാധിക്കയില്ല.

പുതിയനിയമത്തിലും പുരോഹിത വർഗ്ഗത്തിനു മാത്രമെ ദൈവത്തെ ആരാധിക്കുവാൻ അവകാശമുള്ളൂ. പു.നി.ൽ രക്ഷിക്കപ്പെട്ടവർ എല്ലാവരേയും രാജകീയ പുരോഹിതവർഗ്ഗമായി പറഞ്ഞിരിക്കുന്നു (1 പത്രൊസ് 2:9). ദൈവസഭയുടെ അംഗങ്ങളായിത്തീർന്ന ഏവർക്കും കർത്താവായ യേശുക്രിസ്തുവിൽക്കൂടി പിതാവായ ദൈവത്തെ ആരാധിക്കാം.

**C. വിശുദ്ധന്മാർ (സഭ) മാത്രം ആരാധിക്കണം**

പ: നി-ലും പു. നി. ലും വിശുദ്ധന്മാർ മാത്രം വേറിട്ട് ദൈവത്തെ ആരാധിച്ചതായി കാണാം. അബ്രാഹാം ദൈവത്തെ ആരാധിക്കാൻ പോകുമ്പോൾ തങ്ങളുടെ കൂടെയുണ്ടായിരുന്ന കഴുതയെയും ബാല്യക്കാരെയും ഒരു സ്ഥലത്ത് ആക്കിയിട്ട് അബ്രാഹാമും യിസ്ഹാക്കും മാത്രമാണ് ആരാധനയ്ക്കായി പോകുന്നത് (ഉല്പത്തി. 22:5). യിസ്രായേൽ ജനത്തിന് മിസ്രയീമിൽ വെച്ചുതന്നെ ദൈവത്തെ ആരാധിക്കാമായിരുന്നു. എന്നാൽ ദൈവം അവരോട് 3 ദിവസത്തെ യാത്ര ചെയ്ത് വേറിട്ട് മരുഭൂമിയിൽ ചെന്ന് അവിടെ ദൈവത്തെ ആരാധിക്കാൻ കല്പന നൽകുന്നു (പുറ. 8:20). ദൈവത്തെ ആരാധിക്കുന്നവർക്ക് ഒരു വേർപാട് അത്യാവശ്യമായിരുന്നു.

# അനന്യാസ് കൊടുത്ത ലേസർ ട്രീറ്റ്മെന്റും അത്ഭുതരോഗശാന്തിയും

(തുടർച്ച)

കെ.എ. എബ്രഹാം, മഴുക്കീർ

**B. അനന്യാസ് കൊടുത്ത ലേസ്സർട്രീറ്റ്മെന്റ് ശൗലിൽ വരുത്തിയ മാറ്റങ്ങൾ**

**1.. ശൗലിന്റെ കണ്ണിലെ ചെതുമ്പൽ നിലത്തു വീണു (അപ്പൊ. 9:18)**

കഴിഞ്ഞ മൂന്നു ദിവസമായി കണ്ണു കാണാതെ ശൗൽ കാത്തിരിക്കുകയാണ്. ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് കർത്താവിനെ കണ്ടുമുട്ടി രക്ഷിക്കപ്പെട്ടു ദൈവമകൻ ആയിതീർന്നു എങ്കിലും പരസഹായത്തോടെയാണ് നേർവീഥി എന്ന പട്ടണത്തിൽ എത്തി, യൂദയുടെ വീട്ടിൽ കഴിയുന്നത്. തുടർന്നുള്ള ജീവിതയാത്രയ്ക്ക് ആവശ്യമായ കാഴ്ചപ്പാട് ഇതുവരെയും ലഭിച്ചിട്ടില്ല. ഇങ്ങനെയുള്ള എത്രയൊ വിശ്വാസികൾ ഇന്ന് ക്രൈസ്തവസമൂഹത്തിലുണ്ട്. അങ്ങനെയുള്ളവരുടെ കണ്ണിലെ ചെതുമ്പൽ മാറേണ്ടത് ആവശ്യമല്ലെ? അങ്ങനെയെങ്കിൽ അനന്യാസിനെപ്പോലെ അന്യോന്യം **ശൗലേ... സഹോദരാ** എന്നുള്ള സ്നേഹത്തിന്റെ ഊഷ്മളമായ ഒരു വിളിയോടുകൂടെ സഹോദരസ്നേഹം നിലനിർത്തുവാൻ നമുക്കു ശ്രമിക്കാം. സഹോദരപ്രീതി നിലനില്ക്കട്ടെ അതിഥി സല്ക്കാരം മറക്കരുത് എന്നല്ലെ തിരുവചനത്തിൽ വായിക്കുന്നത് (എബ്രാ. 13:1,2). എന്നാൽ ഇന്ന് സഹോദരവർഗത്തിന്റെ മദ്ധ്യേനിന്ന് ഈ സഹോദരസ്നേഹം അന്യപ്പെട്ടുപോയിരിക്കയാണെന്നു പറയാതിരിപ്പാൻ തരമില്ല.

എല്ലാ കർത്തൃദിവസവും സഭയായി കൂടിവന്ന് കർത്തൃമേശ ആചരിച്ച് കർത്താവിനെ ആരാധിച്ചതിനുശേഷം അന്യോന്യം ഒന്നു മുഖം കൊടുക്കാത് ഹലൊ സഹോദരാ എന്നു വിളിച്ച് ഒന്നു പുഞ്ചിരിക്കാതെ, കൈകൊടുക്കാത് കടന്നുപോകുന്ന എത്ര എത്ര സഭാകൂടിവരവുകൾക്ക് മൂകസാക്ഷ്യം പറയുന്ന എത്രയൊ ഹാളുകളാണ് ഇന്ന് നമ്മുടെ മദ്ധ്യെ ഉള്ളത്? ഈ സ്ഥിതിക്കൊരു മാറ്റം വരുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അനന്യാസിനെപ്പോലെ ശൗലേ, സഹോദരാ, എന്നുള്ള വിളിയോടു കൂടിയുള്ള ലേസ്സർ ശസ്ത്രക്രിയ അഥവാ കത്തി കൂടാതെയുള്ള കരസ്പർശം കൂട്ടു സഹോദരന് കൊടുക്കാം. എങ്കിൽ സഹോദരന്റെ കണ്ണിലെ ചെതുമ്പൽ താനെ മാറിപ്പോകും.

**2.. ശൗലിന് കാഴ്ച ലഭിച്ചു (അപ്പൊ. 9:18)**

കഴിഞ്ഞ മൂന്നു ദിവസമായി പ്രത്യേകിച്ച് യാതൊരു കാഴ്ചപ്പാടുമില്ലാത് ശൗൽ യൂദയുടെ വീട്ടിൽ കാത്തിരിക്കയാണ്. ആർക്കുവേണ്ടി? അനന്യാസ് എന്ന ഒരു കൂട്ടു സഹോദരനുവേണ്ടി. സഹോദരസ്നേഹത്താൽ നിർബന്ധിക്കപ്പെട്ട അവന്റെ കരസ്പർശം ഒന്നു കിട്ടുവാൻ, **ശൗലേ സഹോദരാ!** എന്നുള്ള ആ വാത്സല്യ വിളി ഒന്നു കേൾക്കുവാൻ. ഇന്നും അന്യോന്യം ആത്മീയകാഴ്ചപ്പാടു ലഭിക്കുവാനുള്ള ഏക മാർഗ്ഗം ഇതുമാത്രമാണെന്നുള്ളത് ശൗലിന്റെ അനുഭവം തെളിയിച്ചിരിക്കുകയാണ്.

അനന്യാസിന്റെ ഈ ലേസർ ശസ്ത്രക്രിയ

---

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" (മത്തായി. 18:20). ദൈവജനംകൂടുന്നിടത്ത് കർത്താവ് ഉണ്ട്. ദൈവജനത്തിനു മാത്രമേ ആരാധിക്കാൻ അവകാശമുള്ളൂ.

**D. ഒരുക്കത്തോടെ ആരാധിക്കണം**

എവിടെയും എങ്ങനെയും എപ്പോഴും ആരാധിക്കാൻ തിരുവെഴുത്തിൽ പ്രമാണമില്ല. ആരാധിക്കുന്നവർ ഒരുക്കമുള്ളവരായിരിക്കണം. ഒരുക്കമില്ലാത്ത ആരാധന ദൈവം സ്വീകരിക്കയില്ല. അവിശ്വാസികൾ തിങ്ങി നിൽക്കുന്ന സ്ഥലങ്ങളിലോ, പരസ്യസ്ഥലങ്ങളിലോ, മരണവീടുകളിലോ, സുവിശേഷയോഗസ്ഥലങ്ങളിലോ വിവാഹ സമയത്തോ ദൈവത്തെ സഭയായി ആരാധിച്ചതായി തിരുവെഴുത്തിൽ കാണുന്നില്ല. എന്താണ് ആ സ്ഥലങ്ങളിൽ ദൈവത്തെ ആരാധിച്ചതായി കാണാത്തത്. ആരാധനയ്ക്ക് ഒരു വിശ്വാസിക്ക് ശരിക്കും ഒരുക്കം ആവശ്യമാണ്. ഒന്നാം നൂറ്റാണ്ടിൽ സഭ ഒന്നായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കി ദൈവത്തെ ആരാധിച്ചിരുന്നു (അപ്പൊ. 20:7). പൗലൊസ് ദൈവജനത്തോടുകൂടി ആരാധിക്കാൻ 7 ദിവസം കാത്തിരുന്നതായി കാണാം (അപ്പൊ. 20:6). ആ ദിവസങ്ങളിലെ ഇടയോഗങ്ങളിൽ വേണമെങ്കിൽ കർത്താവിനെ ആരാധിക്കാമായിരുന്നു. അങ്ങനെ പൗലൊസ് ചെയ്യാതെ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ വരെ കാത്തിരിക്കുന്നു.

ശരിയായി പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണമനസ്സോടും കൂടി ദൈവത്തെ ആരാധിക്കുന്ന ഒരു വ്യക്തിക്ക് തീർച്ചയായും ഒരുക്കം ഉണ്ടായിരിക്കണം. സഭയായി ദൈവത്തെ ആരാധിക്കാനായി തിരഞ്ഞെടുത്തിരിക്കുന്ന ഞായറാഴ്ച ഒരുക്കമില്ലാതെ ആരാധിക്കാനായി പാടില്ല. അത് ദൈവസന്നിധിയിൽ ശിക്ഷാർഹമാണ്. വിശുദ്ധനായ ദൈവത്തെ ആരാധിക്കുവാനായി പോകുന്നതിനു മുമ്പ് നിരപ്പു പ്രാപിക്കേണ്ടവർ നിരപ്പു പ്രാപിക്കേണ്ടതും സ്വയം കുറവുകൾ കണ്ടുണർന്ന് ശുദ്ധീകരണം പ്രാപിക്കേണ്ടതുമാണ്. ആ വിധം ശുദ്ധീകരണം പ്രാപിച്ച് മാത്രമെ പോകാവൂ. ഒരുക്കമില്ലാത്ത ആരാധനയിൽ ദൈവം പ്രസാദിക്കയില്ല. അത് കയിന്റെ യാഗം പോലെ മാത്രമായിരിക്കും. (തുടരും)

മൂലം ശൗലിനു ലഭിച്ച കാഴ്ചശക്തി അതുല്യമാണെന്നും നാം അറിയുന്നു. ആധുനിക ശാസ്ത്രലോകം കണ്ടുപിടിച്ചിട്ടുള്ള ഏറ്റവും ശക്തിയേറിയ ദൂരദർശിനിയെ വെല്ലുന്ന കാഴ്ചാശക്തിയാണ് ശൗലിനു ലഭിച്ചത്. അതാണ് മൂന്നാം സ്വർഗ്ഗം വരെയും താൻ കണ്ട കാഴ്ച. തനിക്കു ലഭിച്ച കാഴ്ചയുടെ വിശദീകരണം തന്റെ ലേഖനങ്ങളിൽ ഉടനീളം വിവരിച്ചിരിക്കുന്നത് നമുക്കു കാണുവാൻ സാധിക്കും. വിവരിക്കുവാൻ ഇടംപോരാ. വിശ്വാസത്താൽ നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിക്കുമ്പോൾ കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയം ദൈവം നമുക്കും നൽകി തരും.

**3. ശൗൽ എഴുന്നേറ്റു (അപ്പൊ. 9:18)**

ഭാവി ജീവിതത്തിലെ ദൗത്യം ഏറ്റെടുക്കുവാനുള്ള കാത്തിരിപ്പിലാണ് ശൗൽ. അതിന്റെ പ്രാരംഭനടപടി തനിക്ക് അനുഭവപ്പെട്ടു. ശൗലിന് കാഴ്ച ലഭിച്ചു. അതിനുശേഷമാണ് ശൗൽ എഴുന്നേൽക്കുന്നത്. ഇരിക്കുന്നതിനു മുമ്പെ കാൽ നീട്ടരുത് എന്നുള്ള പഴമൊഴി പോലെ കാഴ്ച ലഭിക്കുന്നതിന് മുൻപ് എഴുന്നേറ്റാൽ കാൽ കല്ലിൽ തട്ടി വീഴാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ശൗൽ അങ്ങനെയുള്ള സാഹസം ഒന്നും കാണിച്ചില്ല. അനന്യാസിന്റെ കരസ്പർശം ഉണ്ടായപ്പോൾ ചാടി എഴുന്നേല്ക്കാമായിരുന്നു. താങ്ങുവാൻ കൂട്ടുസഹോദരൻ തൊട്ടടുത്തുണ്ടല്ലൊ എന്ന ഉറപ്പിൽ. എങ്കിലും ശൗൽ ശാന്തമായിരുന്നു. തന്റെ കണ്ണിലെ ചെതുമ്പൽ മാറി കിട്ടുവാൻ കാത്തിരുന്നു.

ഏതൊരു ആത്മീയ ശുശ്രൂഷയോടുള്ള ബന്ധത്തിലും വളരെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണിത്. കണ്ണിലെ ചെതുമ്പൽ മാറി കാഴ്ച ലഭിച്ചു എന്ന് ഉറപ്പുവന്നതിനുശേഷമെ എഴുന്നേൽക്കാൻ ശ്രമിക്കാവൂ. എന്നാൽ ഇന്ന് അനേകശുശ്രൂഷകളും അങ്ങനെയല്ല നടക്കുന്നതെന്ന് പറഞ്ഞാൽ നിഷേധിക്കാൻ സാധിക്കുമൊ? ബൈബിൾ കമന്ററി എന്ന ബൈഫോക്കൽ കണ്ണട വച്ച് എഴുന്നേറ്റു ചെയ്യുന്ന പ്രഹസനം കണ്ടാൽ ആരും അമ്പരന്നു പോകും. അടുത്ത ദിവസം ഒരു കർത്തൃദാസൻ സ്നേഹം ദൈവം തന്നെ എന്നു തറപ്പിച്ചു പറയുന്നതു കേൾക്കുവാൻ ഇടയായി. ഇങ്ങനെയൊക്കെ കേൾക്കുവാനും കേൾപ്പിക്കുവാനും ഇടയാകാതിരിക്കണം എങ്കിൽ ശൗലിനെപ്പോലെ കാഴ്ച പ്രാപിച്ചതിനുശേഷം നമുക്ക് എഴുന്നേൽക്കാൻ ശ്രമിക്കാം.

**4. ശൗൽ സ്നാനം ഏറ്റു (അപ്പൊ. 9:18)**

കാഴ്ച ലഭിച്ചു എഴുന്നേറ്റ ശൗൽ തനിക്കു കാഴ്ച നൽകിയ കർത്താവിനെ കുറിച്ചുള്ള സാക്ഷ്യം പരസ്യമായി ഈ ലോകത്തോട് പ്രസ്താവിക്കുന്ന പ്രവൃത്തിയാണ് ആദ്യം ചെയ്തത്. കർത്താവ് എനിക്കുവേണ്ടി മരിച്ചു. അടക്കപ്പെട്ടു. ഉയിർത്തെഴുന്നേറ്റു. ജീവിക്കുന്നു. ആ കർത്താവിനുവേണ്ടി ഞാനും ജീവിക്കും എന്ന് പരസ്യമായി വിളംബരം ചെയ്തു. തന്റെ ജൈത്രയാത്രയ്ക്ക് ആരംഭം കുറിച്ചു.

ന്യായപ്രമാണത്തിൽ പണ്ഡിതനായ ശൗൽ ഈ വിഷയത്തിൽ (സ്നാനം) യാതൊരു തർക്കവാദവും നടത്താതെ അനന്യാസിന്റെ ആലോചനയക്കു വിധേയനായി സ്നാനം ഏറ്റു എന്നുവേണം വിശ്വസിക്കുവാൻ. ശരിയായുള്ള ആത്മീയ കാഴ്ചപ്പാടു ലഭിച്ച വ്യക്തികൾക്ക് സ്നാനം എന്ന വിഷയത്തെക്കുറിച്ച് യാതൊരു സംശയവും കാണുകയില്ല എന്ന സാരം.

**5. ശൗൽ ആഹാരം കൈക്കൊണ്ട് ബലം പ്രാപിച്ചു (അപ്പൊ. 9:18)**

മൂന്നു ദിവസം ആയി ആഹാരം ഒന്നും കഴിക്കാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശൗലിനെ അന്വേഷിച്ചു ചെന്ന അനന്യാസ് എന്തെങ്കിലും ആഹാരം കൊണ്ടുചെന്നിട്ടുണ്ടാകും എന്ന് നമുക്ക് ന്യായമായി ചിന്തിക്കാം. ശൗലിന്റെ അടുത്തേക്ക് തന്നെ പറഞ്ഞയച്ച കർത്താവ് ശൗലിന് ആവശ്യത്തിനുള്ള ആഹാരം കൊടുത്താണയച്ചിരിക്കുന്നത്. ദൈവവചനമാകുന്ന ആത്മീയ ആഹാരമാണ് കർത്താവ് അനന്യാസിനെ ഭാരമേല്പ്പിച്ചിരിക്കുന്നത്.

അങ്ങനെ ശൗലിന്റെ സ്നാനശുശ്രൂഷകഴിഞ്ഞ് അനന്യാസ് കർത്താവ് തന്നെ ഏല്പിച്ച ആഹാരം ശൗലിന് വിളമ്പുവാൻ തുടങ്ങി. കൈക്കൊള്ളുവാൻ ശൗൽ ആർത്തിയോടെ കാത്തിരിക്കയാണ്. അനന്യാസ് ഇപ്രകാരം പറഞ്ഞു. ശൗലേ, സഹോദരാ, വളരെ രുചികരമായ ഒരു ആഹാരമാണ് കർത്താവ് നിനക്കു തരുവാൻ എന്നെ ഏല്പിച്ചിരിക്കുന്നത്. കർത്താവിന്റെ നാമം ജാതികൾക്കും - രാജാക്കന്മാർക്കും - യിസ്രയേൽ മക്കൾക്കും മുമ്പിൽ നീ വഹിക്കണം. ഇഷ്ടമാണോ? വളരെ സന്തോഷത്തോടുകൂടി ശൗൽ അതു കൈക്കൊണ്ടു. അതിനുശേഷം അനന്യാസ് ഇപ്രകാരം പറഞ്ഞു എന്നു കരുതുക. മറ്റൊരു ആഹാരം കൂടി തന്നുവിട്ടിട്ടുണ്ട്. അല്പം കൈപ്പുരുചിയുള്ളതാണ്. നെല്ലിക്കായും പാവയ്ക്കായും കൂടെ ചേർന്ന ഒരു കൂട്ടുപോലിരിക്കും. ഇഷ്ടമാണോ? അതെ എനിക്കത് ഏറെ ഇഷ്ടമാണ്. വിളമ്പിക്കാട്ട്. കർത്താവിന്റെ നാമത്തിനു വേണ്ടി **എന്തെല്ലാം കഷ്ടം** നീ അനുഭവിക്കേണ്ടതാകുന്നു.

ഈ ആഹാരം ശൗൽ സന്തോഷത്തോടു കൂടി കൈക്കൊണ്ടു ബലം പ്രാപിച്ചു അങ്ങനെ ദമസ്ക്കോസിന്റെ പടിവാതിൽക്കൽ ബലം എല്ലാം നഷ്ടപ്പെട്ടവനായി വീണു കിടന്ന ശൗൽ ബലശാലിയായ **പൗലൊസ്** ആയി മാറി. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ ആകുന്നു എന്നു പറയുവാനിടയായി.

ആകയാൽ തർസോസ്കാരനായ ശൗലിനെ **അപ്പൊസ്തലനായ പൗലോസ്** ആയി രൂപാന്തരപ്പെടുത്തുവാൻ അനന്യാസ് എന്ന ശിഷ്യനെ കർത്താവ് ഉപയോഗിച്ചതുപോലെ നമ്മെയും കർത്താവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുത്തു കർത്താവെ, അടിയാൻ ഇതാ എന്ന് ഏറ്റുപറയാം. അതിനായി കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

# മാളികമുറി പ്രഭാഷണം - 12

**ഡോ. ഒ.എം. സാമുവേൽ**

അടുത്തതായി തോമസിന്റെ ചോദ്യം ശ്രദ്ധിക്കാം. "*കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും.*" തോമസിന്റെ സംശയമുള്ള ചോദ്യം. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു എന്ന് കർത്താവു പറഞ്ഞ വാക്കുകൾക്ക് വിപരീതമായ ചോദ്യമാണ് തോമസിന്റേത്. പിതാവിന്റെ അടുത്തേക്ക് കർത്താവ് പോകുകയാണെന്നുള്ള വിവരം യേശുക്രിസ്തു പല പ്രാവശ്യം ശിഷ്യന്മാരോട് പറഞ്ഞിട്ടുണ്ട്. എന്നാൽ അതിന്റെ അന്തഃസത്തയുടെ ആഴങ്ങളിലേക്ക് കടക്കുവാൻ ശിഷ്യന്മാർക്ക് സാധിച്ചില്ല; പ്രത്യേകിച്ച് സംശയാലുവായ തോമസിന്. യേശുക്രിസ്തുവിനെ കാണാതെ പുനരുത്ഥാനസത്യത്തെ മുഖവിലയ്ക്ക് കാണാൻ സാധിക്കാത്ത ശിഷ്യനായിരുന്നല്ലോ തോമസ്. യേശുക്രിസ്തു തോമസിന് നൽകുന്ന മറുപടിയിൽ കൂടി യുഗപരമായ ഒരു സത്യം വെളിപ്പെടുന്നു. "*ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.*" ഇതുവരെ പിതാവിന്റെ അടുത്തേക്കുള്ള വഴി യാഗപീഠത്തിൽ കൂടെയും പുരോഹിതന്മാരുടെ മദ്ധ്യസ്ഥശുശ്രൂഷയിൽ കൂടെയുമായിരുന്നു. സമാഗമനകൂടാരത്തിലും ദൈവാലയത്തിലും മാർഗ്ഗമിതു തന്നെയായിരുന്നുവല്ലോ. അഹരോനും മറ്റു പുരോഹിതന്മാരും ദൈവത്താൽ നിയുക്തരായ മദ്ധ്യസ്ഥ ശുശ്രൂഷകന്മാരായിരുന്നു. എന്നാൽ സംശയലേശം കൂടാതെ യേശുക്രിസ്തു ദൈവത്തിങ്കലേക്കുള്ള പ്രവേശനമാർഗ്ഗം താൻ തന്നെയെന്ന് ഉറക്കെ പ്രഖ്യാപിച്ചു. യോഹന്നാന്റെ സുവിശേഷത്തിലെ ഞാൻ ആകുന്നു എന്ന പ്രയോഗം ശ്രദ്ധേയം തന്നെ (I Am). ദൈവത്തെ പിതാവ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നതും ശ്രദ്ധാർഹം തന്നെ. പഴയനിയമ വിശുദ്ധന്മാർ ആരും തന്നെ ദൈവത്തെ പിതാവേ എന്ന് വിളിച്ച് പ്രാർത്ഥിച്ചിട്ടില്ല. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ മത്തായി എഴുതിയ സുവിശേഷം 5 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ 17 പ്രാവശ്യം ഈ പദം ഉപയോഗിച്ചിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ 118 പ്രാവശ്യം പിതാവ് എന്ന പദപ്രയോഗം കാണുന്നു. യോഹന്നാൻ 13 മുതൽ 17 വരെയുള്ള മാളികമുറി പ്രഭാഷണത്തിൽ തന്നെ 50 പ്രാവശ്യം ഈ വാക്ക് ആവർത്തിക്കുന്നുണ്ട്. പഴയനിയമത്തിലെ ആചാരങ്ങളെയും യാഗങ്ങളെയും എന്നേക്കുമായി തള്ളിമാറ്റി യേശുക്രിസ്തു യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. ദൈവസന്നിധിയിലെ പ്രവേശനത്തിനു സഹായിക്കുന്ന ദൂതനെയോ വിശുദ്ധനെയോ വിശുദ്ധമതിയേയോ കാണുക അസാദ്ധ്യം. ദൈവത്തിനും മനുഷ്യനും മദ്ധ്യത്തിലുള്ള മദ്ധ്യാസ്ഥൻ യേശുക്രിസ്തു മാത്രം (1 തിമൊ. 2:5). ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്നുള്ള സത്യം യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യ അദ്ധ്യായങ്ങളിൽ തന്നെ പഠിപ്പിക്കുന്നുണ്ട്.

മൂന്നാം അദ്ധ്യായത്തിൽ നിക്കോദിമോസിനെ വഴി പഠിപ്പിക്കുന്നുണ്ട്. നാലാം അദ്ധ്യായത്തിൽ ശമര്യ സ്ത്രീയെ സത്യം എന്താണെന്ന് പഠിപ്പിക്കുന്നു. 11-ാം അദ്ധ്യായത്തിൽ ലാസറിനെ ഉയിർപ്പിക്കുന്നതിൽ കൂടി ജീവനെക്കുറിച്ചുള്ള സത്യവും വിശദീകരിക്കുന്നു.

യോഹന്നാൻ 4-ന്റെ 20-26 വരെയുള്ള ഭാഗത്ത് യഥാർത്ഥ ആരാധനയെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ പരാമർശനം നാം ഗ്രഹിച്ചിരിക്കണം. ആരാധനയ്ക്ക് സ്ഥലത്തിന്റെ പ്രാധാന്യം ഗതകാലസംഭവമാണ്. ഗെരിസീമിലും യെരുശലേമിലുമുള്ള ആരാധനയുടെ കാലം കഴിഞ്ഞു. ഇന്ന് സത്യത്തിലും ആത്മാവിലുമുള്ള ആരാധനയാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ ആരാധന സത്യത്തിൽ അധിഷ്ഠിതമായിരിക്കണം. അർത്ഥാൽ ദൈവവചനമാകുന്ന സത്യമായിരിക്കണം ആരാധനയുടെ പ്രമാണം. ആചാരനുഷ്ഠാനങ്ങൾക്കുള്ള പ്രാധാന്യം കഴിഞ്ഞു. ദൈവവചനത്തിന്റെ അടിസ്ഥാനത്തിലുള്ള ആരാധനയാണ് ദൈവം സ്വീകരിക്കുന്നത്. അതുപോലെ ആത്മാവിലുള്ള ആരാധന. ദൈവാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതായിരിക്കണം ആരാധന. വ്യക്തിപ്രസരത്തിന് ആരാധനയിൽ ഒരു സ്ഥാനമില്ല.

യേശുക്രിസ്തു അനേകം വഴികാട്ടികളിൽ ഒരു വഴികാട്ടി മാത്രമായിരുന്നു എന്ന വാദം ഇല്ലാതില്ല. എന്നാൽ യേശുക്രിസ്തുവിന്റെ അവകാശവാദം നാം അതുപോലെ തന്നെ അംഗീകരിക്കണം. ഞാൻ തന്നെ (I am the way) എന്നാണ് യേശുക്രിസ്തു അവകാശപ്പെടുന്നത്. ഈ സുവിശേഷത്തിന്റെ 4-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു ജീവജലമാണ്. 5-ാം അദ്ധ്യായത്തിൽ ന്യായവിധിയുടെയും പുനരുത്ഥാനങ്ങളുടെയും അധിപനായ ന്യായാധിപതിയാണ്. 6-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ അവകാശവാദം ഞാൻ ജീവന്റെ അപ്പം ആകുന്നു എന്നാണ്. 7-ാം അദ്ധ്യായത്തിൽ ആത്മാവിനെ അയയ്ക്കുന്ന അധികാരമുള്ളവനായി നാം കാണുന്നു. 8-ാം അദ്ധ്യായത്തിൽ ലോകത്തിന്റെ പ്രകാശമായി കർത്താവിനെ കാണാം. 10-ാം അദ്ധ്യായത്തിൽ നല്ല ഇടയനായി യേശുക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു. 11-ാം അദ്ധ്യായത്തിൽ ഞാൻ തന്നെ പുനരുത്ഥാനവും ജീവനും എന്ന് കർത്താവ് തന്നെ അവകാശപ്പെടുന്നു. 14-ാം അദ്ധ്യായത്തിൽ ഞാൻ തന്നെ വഴി

എന്നുള്ള അവകാശവാദം മുഴങ്ങുന്നു. രക്ഷിക്കപ്പെടുവാൻ ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല എന്ന പത്രൊസിന്റെ പ്രഖ്യാപനം എത്രയോ ധന്യമായ ഒരു സത്യമാണ്.

അടുത്തത് ഫിലിപ്പൊസിന്റെ ചോദ്യമാണ്. "*കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി*" (യോഹ.14:8). നാലു സന്ദർഭങ്ങളിൽ ഫിലിപ്പോസിനെ ഈ സുവിശേഷത്തിൽ നാം കാണുന്നു (യോഹ.1:45,46; 6:5–11; 12:21,22; 14:8). ഫിലിപ്പോസിന്റെ ആഗ്രഹം പഴയനിയമത്തിലെ പല പിതാക്കന്മാരെപ്പോലെ ദൈവത്തെ കാണണം എന്നുള്ളതാണ്. അബ്രാഹാം, യാക്കോബ്, മോശെ, യോശുവ മുതലായവർ ദൈവത്തിന്റെ വെളിപ്പാട് ലഭിച്ചവർ ആണ്. അബ്രാഹാമിന് തേജോമനായ ദൈവത്തിന്റെ ദർശനവും അരുളപ്പാടും ലഭിച്ചിരുന്നല്ലോ. അതുപോലെയാണ് ഫിലിപ്പോസും ആവശ്യപ്പെടുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷം പിതാവിന്റെയും പുത്രന്റെയും വെളിപ്പാടാണ് എന്നു പറയാം. ഫിലിപ്പോസേ നീ എന്നെ അറിയുന്നില്ലയോ? കഴിഞ്ഞ മൂന്നിൽ അധികം വർഷങ്ങൾ യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും നീ എന്നെ മനസ്സിലാക്കുന്നില്ലേ? ഇത് നമ്മെ സംബന്ധിച്ചിടത്തോളവും ശരിയല്ലേ?

മത്തായി 11:27-ൽ പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ വെളിപ്പെടുത്തികൊടുപ്പാൻ ഇരിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. ത്രിത്വോപദേശത്തിന്റെ ആഴം ഗ്രഹിക്കുക അസാദ്ധ്യം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ സാരാംശത്തിൽ ഒന്നാണ് (One in essence). അതേ സമയം ആളത്വത്തിൽ മൂന്നും ആണ്. One in three and three in one എന്നാണ് വേദശാസ്ത്രജ്ഞന്മാരുടെ സൂത്രവാക്യം. എബ്രായലേഖനകാരൻ പറയുന്നത് യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും എന്നാണ്. പിതാവായ ദൈവത്തിന്റെ എല്ലാ ഗുണഗണങ്ങളും പുത്രനിലും പ്രകടമായി കാണാൻ കഴിയും. കൊലൊസ്യ ലേഖനത്തിൽ അവനിൽ അല്ലൊ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് എന്നാണ് (കൊലൊ. 2:9) രേഖപ്പെടുത്തിയിരിക്കുന്നത്. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നുള്ളത് എത്രയോ അർത്ഥവത്തായ പ്രസ്ഥാവനയാണ്.

നാലാമത്തെ ചോദ്യം ഇസ്കര്യോത്താവല്ലാത്ത യൂദയുടേതാണ്. "*കർത്താവേ എന്തു സംഭവിച്ചിട്ടാകുന്നു നീ ലോകത്തിനല്ല ഞങ്ങൾക്കത്രേ നിന്നെ വെളിപ്പെടുത്തുവാൻ പോകുന്നത് എന്നു ചോദിച്ചു*" (14:22). യൂദായും മറ്റുള്ള ശിഷ്യന്മാരെപ്പോലെ ക്രിസ്തുവിന്റെ രാജ്യം അതിന്റെ പ്രതാപത്തോടും മഹിമയോടും കൂടെ വെളിപ്പെടുത്തുന്നത് കാണാനാണ് ആഗ്രഹിച്ചത്. യേശുക്രിസ്തു ലോകത്തിനു വെളിപ്പെടുന്നത് യൂദാ ഉദ്ദേശിക്കുന്നതുപോലെ സന്തോഷകരമായ ഒരനുഭവം ആയിരിക്കുകയില്ല. ഈ ലോകത്തെ ന്യായം വിധിക്കാനാണ് യേശുക്രിസ്തു ഇനിയും വെളിപ്പെടുന്നത്. യിസ്രായേൽ ജാതിക്ക് രാജ്യം സ്ഥാപിക്കുക എന്നുള്ളതായിരുന്നു യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിന്റെ ഉദ്ദേശ്യം. എന്നാൽ അവൻ സ്വന്തത്തിലേക്കു വന്നു, സ്വന്തമായവരോ അവനെ സ്വീകരിച്ചില്ല. അവനെ സ്വീകരിച്ചില്ല എന്നു മാത്രമല്ല അവനെ ഒരു കുറ്റവാളിയെ പോലെ ക്രൂശിൽ തറക്കുകയാണല്ലോ അവർ ചെയ്തത്. ആ ക്രൂശുമരണം പാപികൾക്ക് രക്ഷാമാർഗ്ഗമായിത്തീർന്നു. കർത്താവു തന്റെ രാജ്യം സ്ഥാപിക്കാൻ രണ്ടാമതും വരും. എന്നാൽ അതിനു മുൻപായി ലോകത്തെ അവൻ നീതിയിൽ ന്യായം വിധിക്കും. **(തുടരും)**

# S.B.S. പുതിയ ഭാരവാഹികൾ

ആഗസ്റ്റ് 23 ന് പുത്തൻകാവ് എസ്.ബി എസ് ക്യാമ്പ് സെന്ററിൽ പ്രസിഡന്റ് പ്രൊഫ. പി.പി. സ്കറിയയുടെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ കമ്മറ്റി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പ്രസിഡന്റ്–** പ്രൊഫ. പി.പി. സ്കറിയോ, **വൈസ് പ്രസിഡന്റുമാർ.** കെ.പോൾതോമസ്, കെ.വി.മാത്യു, എം.സി. ജോർജ്ജ്, **ജനറൽ സെക്രട്ടറിമാർ–** എബ്രഹാം തോമസ് (കൊച്ചി), ബിനു സാമുവേൽ, **അസി ജനറൽ സെക്രട്ടറിമാർ–** ഗോഡ്സൺ വാലയിൽ,ഐ സുന്ദർദാസ്, **പ്രോഗ്രാം കോർഡിനേറ്റർ–** അലക്സ് മേൽപ്പാടം,**ജനറൽ ട്രഷറാർ–** എം.വി. സാമുവേൽ, **അസി ജനറൽ ട്രഷറാർ–** വർക്കി ജോർജ്ജ്, **ഓഡിറ്റർ–** ജോർജ്ജ് വി. ജോൺ, **ഓർഗനൈസേഴ്സ്–** എബ്രഹാം തോമസ്(പുല്ലാട്), ചാൾസ് ജോൺ, **പ്രെയർകോർഡിനേറ്റർ–** സി.എം. ചാക്കോ, **മീഡിയാ ചീഫ് കോർഡിനേറ്റർ–** ഡോ. ജോൺസൺ, സി. ഫിലിപ്പ്, **മീഡിയാ കോർഡിനേറ്റേഴ്സ്–** ഫിലിപ്പ് കെ. ആൻഡ്രൂസ്, പ്രമോദ് തോമസ്, ഷൈജൻ പോൾ, ജിജോ സി. ജോർജ്ജ്, **സൗത്ത് ഡിവിഷൻ ഭാരവാഹകൾ : പ്രസിഡന്റ്**–ഒ.റ്റി ചെറിയാൻ, **വൈ പ്രസിഡന്റ്–** കെ.വി. തോമസ്, **സെക്രട്ടറി–** ബിജു വർഗീസ്, **ജോ. സെക്രട്ടറി–** കെ.എം. സാമുവേൽ, **ട്രഷറാർ–** കെ.എം. ജോൺസൺ, **ഓർഗനൈസേഴ്സ്** - ജോണി തോമസ്, വർഗ്ഗീസ് തോമസ് എന്ന് എബ്രഹാം തോമസ്, ജന.സെക്രട്ടറി.

# ശവസംസ്ക്കാരാധനയ്ക്ക് പുതിയ നിയമത്തിൽ സ്ഥാനമോ?

ഗോഡ്ലി പി. എസ്സ്. ബഹ്റൈൻ

**പു**തിയനിയമ സഭയുടെ ഉപദേശ കെട്ടുപണികൾക്ക് ആധാരം തിരുവചനം മാത്രമാണ്. ഈ കൃപായുഗത്തിലെ കാര്യക്രമങ്ങൾക്കാധാരം പ്രധാനമായും പുതിയ നിയമമാണ്. ഈ പുതിയ നിയമവും അടക്കാരാധനയുമാണ് നമ്മുടെ ചിന്താവിഷയം.

പുതിയനിയമം അടക്കാരാധനയെക്കുറിച്ച് എന്തു പറയുന്നു എന്നതിനെ സംബന്ധിച്ച് ചിന്തിക്കേണ്ടതിനു മുൻപ്, എന്താണ് ഈ അടക്കാരാധന എന്ന് വ്യക്തമാക്കട്ടെ. ഒരു വിശ്വാസി മരിച്ചാൽ, മരിച്ച വ്യക്തിയുടെ ശവസംസ്കാരത്തിനു തൊട്ട് മുൻപ് സാധാരണയായി ആ മരണവീട്ടിൽ പ്രാർത്ഥനയും അനുസ്മരണവും സുവിശേഷ പ്രഘോഷണങ്ങളും ആശ്വാസ ദൂതുകളും നൽകും. എന്നാൽ അതിനോടൊപ്പം മരിച്ച വ്യക്തി മുഖാന്തിരം തനിക്കും താൻ ദൈവത്തിനുവേണ്ടി ചെയ്തതും ദൈവം ചെയ്യിച്ചതുമായ പ്രവർത്തനങ്ങളെ ഓർത്ത് വലിയവനായ ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതാണ് അടക്കാരാധന എന്ന് നാമകരണം ചെയ്യപ്പെടാവുന്ന അപരിചിതോപദേശം. ഇപ്പോൾ തന്നെ വായനക്കാരന് ഈ ആരാധനയുടെ അർത്ഥശോഷണം മനസ്സിലായി എന്നു കരുതുന്നു. എങ്കിലും ദൈവവചനം ഈ അടക്കാരാധനയെക്കുറിച്ച് എന്തു പറയുന്നു എന്ന് പുതിയനിയമ താളുകൾ വിടർത്തി പരിശോധിക്കാം. അത് മനസ്സിലാക്കണമെങ്കിൽ നാം പുതിയനിയമത്തിലെ വീരയോദ്ധാക്കളുടെ കല്ലറകളിൽ പോകേണ്ടിയിരിക്കുന്നു. തീർച്ചയായും, വിശ്വാസ വീരപുരഷന്മാരുടെ കല്ലറയ്ക്ക് ദൈവവചനത്തിൽ പ്രാധാന്യത നൽകുന്നില്ല. എന്നാൽ ചിലരുടെ മരണവും അടക്കവും ഇത്തരത്തിലുള്ള വാഗ്വാദത്തിൽ നിന്നും ദൈവസഭയെ രക്ഷിക്കുവാനായി രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് നമുക്ക് വിചന്തനം ചെയ്യാം.

**1. സ്തെഫാനൊസ്**

താൻ ക്രൈസ്തവ സഭാ ചരിത്രത്തിലെ ആദ്യത്തെ രക്തസാക്ഷിയാണ്. മതഭക്തിയിൽ മത്തരായ യെഹൂദന്മാർക്ക് പുതിയ നിയമത്തിന്റെ കർത്താവായ യേശുക്രിസ്തുവിനെ പരിചയപ്പെടുത്തിയപ്പോൾ തങ്ങളുടെ മാർഗ്ഗത്തിന്റെ മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചെന്ന് കരുതി ഭക്തനായ സ്തെഫാനൊസിനെ വധിക്കുന്ന മതമേലാളന്മാർ. അവരുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്ന ദൈവപുത്രനെ കണ്ട് നിർവ്യതിപൂകി ഇഹലോക ജീവതം അവസാനിച്ച സ്തെഫാനൊസിന്റെ മരണവും അടക്കവും അപ്പൊസ്തലന്മാരുടെ പ്രവൃത്തിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി. 7:60; 8:2 എന്നീ വാക്യങ്ങൾ ഈ ധീരയോദ്ധാവിന്റെ അന്ത്യം വ്യക്തമാക്കിയിട്ടുണ്ട്. ഭക്തിയുള്ള പുരുഷന്മാർ അവനെ അടക്കം ചെയ്തു; അവനെക്കുറിച്ചു വലിയോരു പ്രലാപം കഴിച്ചുവെന്ന് 8:2-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭക്തിയുള്ള പുരുഷന്മാർ സ്തെഫാനൊസിന്റെ മരണത്തെ നോക്കിക്കണ്ടിട്ട് സ്തെഫാനൊസിന്റെ ദൈവത്തെ വാഴ്ത്തി സ്തുതിച്ച് ആരാധിച്ചുവെന്നല്ല, പിന്നെയോ പ്രലാപം കഴിച്ചു എന്നത്രെ വ്യക്തമാക്കിയിരിക്കുന്നത്. ഇന്ന് ഭേദാഭേതങ്ങളെ വിവേചിച്ചറിയേണ്ടുന്നവർ ആത്മീയ മയക്കത്തിലായി എഴുതിയ ഒരു രചനയുടെ പശ്ചാത്തലം ഇപ്രകാരമാണ്. ഒരു യൗവ്വനക്കാരനായ സഹോദരൻ തന്റെ ചുരുങ്ങിയ ജീവിതത്തിൽ ദൈവത്തിനുവേണ്ടി അനേകം കാര്യങ്ങൾ ചെയ്തു നിനച്ചിരിക്കാത്ത നാഴികയിൽ, യൗവ്വനത്തിൽ തന്നെ, കർത്ത്യസവിധെ ചേർക്കപ്പെട്ടു. തത്ഫലമായി, ആ സഹോദരൻ മുഖാന്തരം ഞാൻ ദൈവത്തിന് സ്തുതി സ്തോത്രാർപ്പണം അർപ്പിച്ച് ദൈവത്തെ ആരാധിച്ചുവെന്ന് ആ വ്യക്തി പറഞ്ഞിരിക്കയാണ്. പ്രിയരേ, അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവത്തെ ആരാധിക്കേണ്ടുന്നതിന്റെ മാനദണ്ഡം ദൈവത്തിനുവേണ്ടി വലിയവ ചെയ്ത കൂട്ടു സഹോദരന്റെ മരണമല്ല. അത് വിലാപത്തിന്റെ നിമിഷങ്ങളാണ്. ഭക്തന്മാർ അപ്രകാരമാണ് ചെയ്തത്. ദൈവത്തെ ആരാധിക്കേണ്ടത് ദൈവത്തിനു വേണ്ടി ശോഭിച്ച ഒരു ഭക്തന്റെ മരണത്താലല്ല. അങ്ങനെയായിരുന്നെങ്കിൽ ആദിമ രക്തസാക്ഷിയുടെ മരണത്തിൽ തന്നെ അത് സംഭവിക്കേണ്ടിയിരിന്നു. അവിടെ സംഭവിക്കാത്തതും ഇന്ന് വേണമെന്ന് അവകാശപ്പെടുന്നതും പരിശുദ്ധനായ മണവാളന്റെ നിർമ്മലമായ മണവാട്ടിയായ സഭയെ മലിനപ്പെടുത്തുകയല്ലേ? ഇത് സത്യത്തിൽ നിന്നുള്ള അകൽച്ചയല്ലേ? ഇത് പുതിയ നിയമപ്രമാണത്തിനു വിപരീതമല്ലേ? ദുഃഖത്തിലും സന്തോഷത്തിലും നാം ദൈവത്തെ സ്തുതിക്കേണം, എന്നാൽ അത് ആരാധന എന്നു വ്യഖ്യാനിക്കാമോ? ‘ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവനാമ മഹത്ത്വത്തിന്നായി ചെയ്വിൻ’ എന്ന പ്രമാണത്തെ അവഗണിക്കുവാനും പാടില്ല. അതുകൊണ്ട് സകലതും ദൈവനാമമഹത്ത്വത്തിന്നായി നാം ചെയ്യേണം. സുവിശേഷ വ്യാപ്തിക്കായി ചെയ്യേണം. കൂട്ടു സഹോദരന്റെ ദേഹവിയോഗം മുൻ പദ്ധതിപ്രകാരം ആരാധനയ്ക്കുള്ള അവസരമാക്കാതെ ഭക്തന്മാരുടെ കാലടികൾ പിന്തുടരാം. അല്ലെങ്കിൽ, വരും തലമുറ മരണസ്ഥലം ആരാധനാ സ്ഥലമാക്കും, ആരാധനയ്ക്കുള്ള മാനദണ്ഡം ഒരു വിശ്വാസിയുടെ ദേഹവിയോഗ

മാകും. ആരാധനയുടെ ഉറവിടം ദേഹവിയോഗം പ്രാപിച്ച സഹോദരന്റെ സത്പ്രവൃത്തികളാകും. പിതാവായ ദൈവത്തെ നമുക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ പുത്രനായ ക്രിസ്തു മുഖാന്തരം പരിശുദ്ധാത്മനിറവിൽ ആരാധിക്കുന്ന വചനപരമായ ഒന്നാകട്ടെ നമ്മുടെ ആരാധന. ദൈവസഭ ദൈവവചനത്തിൽ നിലനിൽക്കട്ടെ. ദൈവ വചനത്തിന് പുറത്തുള്ളള്ള ഇത്തരം പ്രചാരങ്ങളെയും ആചരണങ്ങളെയും ദൈവവചന വെളിച്ചത്തിൽ മാറ്റി ദൈവവചന പ്രകാരം മുമ്പോട്ട് പോകുവാൻ ദൈവം സഹായിക്കട്ടെ.

**2. യാക്കോബ്**

പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തതിൽ ഒന്നാമന്റെ മരണം. ഉത്തമനായ ഒരു ഗുരുവിനെ സ്നേഹിച്ച് സേവിച്ച യാക്കോബിന്റെ മരണം. വാൾ കൊണ്ടുള്ള മരണം. ദൈവത്തെ സ്തുതിക്കണമെങ്കിൽ ഇതുപോലെ രക്തസാക്ഷിത്വം വരിച്ച വീരന്മാരുണ്ടായിരുന്നിട്ടും കേവലം മനുഷ്യദൃഷ്ടിക്ക് ഔന്നത്യമുള്ള വ്യക്തിവിശേഷണങ്ങളെ വെച്ച് ജീവനറ്റ ശരീരത്തിന്റെ മുമ്പിലിരുന്ന് ദൈവത്തെ ആരാധിക്കുവാൻ അന്നത്തെ ക്രൈസ്തവർ വെമ്പൽ കൊണ്ടില്ല. ഇത്തരം സാഹചര്യങ്ങൾക്ക് ആവേശം ഉണ്ടാക്കുന്നതിനേക്കാളുപരി സ്വജീവൻ നൽകി, നമ്മെ ജീവനുള്ളവരാക്കിത്തീർത്ത, ജീവിച്ചിരിക്കുന്ന നമ്മുടെ രക്ഷകനായ ക്രസ്തുവിനെ ഓർക്കാം. ദൈവസഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഇപ്രകാരം അനേകർ നില നിന്നെങ്കിലും മായാതെ മറയാതെ നിലനിൽക്കുന്നത് അമർത്യനായ, ആദ്യനും അന്ത്യനുമായ, ജീവനായകൻ മാത്രം. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് കാൽവറി ക്രൂശിൽ മരിച്ച കർത്താവായ യേശുക്രിസ്തുവാകുന്നു തന്റെ പ്രശംസ എന്നാണ്. നമ്മുടെ പ്രശംസ എവിടെ?

സഹോദരരേ, ദൈവത്തിനുവേണ്ടി വൻ കാര്യങ്ങളെ ചെയ്ത പോരാളികളെ ദൈവം ആദരിക്കട്ടെ. ദൈവത്തിന്റെ നാമം നമുക്കുയർത്താം. വിരളമായ ശവസംസ്കാരത്തിനു തൊട്ടുമുമ്പുള്ള സംഭവങ്ങൾ മാത്രമെ പുതിയ നിയമത്തിൽ കാണുന്നുള്ളൂ. അവരുടെ അന്ത്യവേളകളിൽ ഒരിടത്തു പോലും ദൈവത്തെ ആരാധിച്ചുവെന്ന് കാണുന്നില്ല. അഖിലാണ്ഡത്തിന്റെ ഉടയവനെ ആരാധിക്കുവാൻ നമുക്ക് തത്തുല്യമുള്ള ഒരു കൂട്ടുസഹോദരന്റെ മരണമല്ല, പുത്രനായ ക്രിസ്തുവിന്റെ മരണമാണ് അഭികാമ്യം. ക്രിസ്തുവിന്റെ മരണത്തെ ഓർത്ത് പ്രസ്ഥാവിച്ച് നമുക്ക് ആരാധിക്കാം. അനുവാചകരുടെ ശ്രദ്ധക്കായി ചില കുറിപ്പുകൾ എഴുതട്ടെ;

1. നമ്മുടെ ശുശ്രൂഷകളെല്ലാം ദൈവനാമ മഹത്ത്വത്തിനായിരിക്കണം.

2. നാം എപ്പോഴും എല്ലാറ്റിനും സ്തുതി സ്തോത്രങ്ങൾ അർപ്പിക്കേണം.

3. ശുശ്രൂഷകളെല്ലാം ആരാധനയല്ല, ആരാധനക്കാരന്റെ ചില കർത്തവ്യങ്ങളായിരിക്കും.

4. ആരാധനയ്ക്ക് ആധാരം കൂട്ടു സഹോദരന്റെ മരണമാക്കാതെ കാൽവറിയാൽ കാരുണ്യം കാണിച്ച കരുണാമായന്റെ കടാക്ഷമാകട്ടെ.

5. ആരാധന സ്തുതി സ്തോത്രം മാത്രമാണെന്ന ധാരണ വരും തലമുറയ്ക്ക് നൽകി പെന്തെക്കോസ്ത് സഭകളുടെ ഗതികേട് (കരിസ്മാറ്റിക് സ്വഭാവം) നമുക്കുണ്ടാകാതിരിക്കാൻ ശ്രമിക്കാം.

6. ദൈവനാമ മഹത്ത്വത്തിനു ചെയ്യേണ്ടുന്നതും ചെയ്യുന്നതുമായ ശുശ്രൂഷകളെല്ലാം ആരാധനയെന്ന് പറയുകയും അവകാശപ്പെടുകയും ചെയ്യാതെ അതതിന്റെ സ്വഭാവത്തിനനുസൃതം പറയുവാൻ ഇടയാകട്ടെ.

ദൈവവചനത്തിന് അപ്രധാന്യമായതും അപരിചിതവുമായതുമായ സംഭവങ്ങളിൽ നിന്നും അകന്നു നിൽക്കാം. ഒരു ഭക്തൻ പറഞ്ഞത് ഓർമ്മയിൽ വരുന്നു: ***ദൈവവചനത്തിൽ നിന്ന കന്ന് ഒരായിരം കാര്യങ്ങൾ ചെയ്യുന്നതിനേ ക്കാൾ ദൈവ വചനപ്രകാരം ഒന്ന് ചെയ്യുന്നത് ന ന്ന്.*** ദൈവാത്മാവ് സകല സത്യങ്ങളിലും നമ്മെ വഴി നടത്തട്ടെ.

## മഹത്വത്തിൽ

**തേക്കുതോട്** : ചരിവുകാലായിൽ പുലൂർ ചാണ്ടി തോമസ് (80) 9-8-08 ന് താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. 13-8-08 ന് അനേകം ദൈവജനങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ തണ്ണിത്തോട് ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന സഹധർമ്മിണിയെയും മക്കളേയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ. ഗാസ്യാബാദിൽ പ്രവർത്തിക്കുന്ന സുവി. ജോർജ്ജ് തോമസ് മകനാണ്. എന്ന് പി.ജി. ജെയിംസ്.

**അങ്കമാലി** : ഇടച്ചേരിയിൽ ജയ്സന്റെ സഹധർമ്മിണിയും കുമ്പനാട് സുവി.പരേതനായ പാപ്പച്ചൻ ഉപദേശിയുടെ (വി.എം.മാത്യൂ) മകളുമായ ജോളി (38) 23.09.08ന് താൻ പ്രിയം വച്ചിരുന്ന കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാര ശുശ്രൂഷ 27.09.08ന് അനേകം ദൈവജനങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ അനുസ്മരണ, ആശ്വാസ ദൂതുകൾക്ക് ശേഷം ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണമെന്നുള്ള പ്രത്യാശയിൽ അങ്കമാലി ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. (C.A.G)

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-12

ജേക്കബ് തോമസ്, മാവേലിക്കര

**XII. വിശ്വാസ ത്യാഗത്തെ ചെറുക്കുവാൻ നല്ല ശുശ്രൂഷകനാകുക (1 തിമൊ.4.6-11)**

*ഇത് സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ച വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ പോഷണം ലഭിച്ചു ക്രിസ്തുയേശുവിന്നു നല്ല ശുശ്രൂഷകൻ ആകും. ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ച് ദൈവഭക്തിക്ക് തക്കവണ്ണം അഭ്യാസം ചെയ്ക. ശരീരാഭ്യാസം അല്പപ്രയോജനമുള്ളതത്രേ; ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിനും പ്രയോജനമുള്ളതാകുന്നു. ഇത് വിശ്വാസ്യവും എല്ലാവരും അംഗികരിപ്പാൻ യോഗ്യവുമായ വചനം. അതിന്നായിട്ട് തന്നെ നാം സകലമനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവെച്ചു അദ്ധ്വാനിച്ചും പോരാടിയും വരുന്നു. ഇത് നീ ആജ്ഞാപിക്കയും ഉപദേശിക്കയും ചെയ്ക* (1 തിമൊ. 4.6-11).

ഇന്ന് വിശ്വാസഗോളത്തെ ദോഷകരമായി ബാധിക്കുന്ന അനേകം ദുരൂപദേശങ്ങളെക്കുറിച്ച് പ്രവചിച്ചശേഷം, അതിനെ എങ്ങനെ പ്രതിരോധിക്കാം എന്ന് പൗലൊസ് പ്രബോധിപ്പിക്കുന്നു. ചുറ്റും പരക്കുന്ന വിപരീതോപദേശങ്ങളെ കണ്ടില്ലെന്ന് നടിച്ച് മുന്നോട്ട് പോകുന്ന പ്രവണത വിശ്വാസികൾക്ക് യോജിച്ചതല്ല. വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനായി പോരാടണമെന്ന് യൂദായും ഓർപ്പിക്കുന്നുണ്ട് (യൂദാ 3). രോഗമെങ്ങനെയാണ് നമ്മുടെ ശരീരത്തെ ബാധിക്കുന്നത് അതുപോലെയാണ് ദുരൂപദേശങ്ങൾ സഭയേയും ബാധിക്കുന്നത്. ഇടയലേഖനങ്ങൾ (തിമൊഥെയൊസിനും തീത്തൊസിനും എഴുതിയ ലേഖനങ്ങൾ) ദൈവവേല ചെയ്യുന്നവർക്കുള്ള നിർദ്ദേശങ്ങളും നിബന്ധനകളും അടങ്ങിയ പാഠപുസ്തകം പോലെയാണ്. അവയെ കുറിക്കൊള്ളാതെ അലക്ഷ്യമാക്കുന്നവർ അതിന്റെ പരിണിത ഫലം അനുഭവിക്കുന്നു. വിശ്വാസത്യാഗം പരക്കുന്ന ഈ ലോകത്തിൽ ഒരു ശുശ്രൂഷകൻ എപ്രകാരം ജീവിക്കുകയും പ്രവർത്തിക്കുകയും വേണം എന്നാണ് പൗലൊസ് ഇവിടെ പ്രബോധിപ്പിക്കുന്നത്. ദൈവവചനം ശുശ്രൂഷിക്കുന്ന ഒരു ശുശ്രൂഷകന്റെ മൂന്നു പ്രത്യേകതകൾ ഈ ഭാഗത്ത് പൗലൊസ് വ്യക്തമാക്കുന്നുണ്ട്.

**1. ദൈവിക സത്യങ്ങൾ സഹോദരന്മാരെ ഗ്രഹിപ്പിക്കുന്ന ശുശ്രൂഷകൻ (4:6,11)**

രോഗാതുരമായ ക്രിസ്തീയ ഗോളത്തിൽ എങ്ങനെ ഒരു ശുശ്രൂഷകന് ആരോഗ്യപരമായ ജീവിതം നയിക്കാം. ഒന്നാമതായി നല്ലപോഷണം അതായത് ആത്മിക ഭോജനം ആവശ്യമാണ്. ഇവിടെ പൗലൊസ് ശുശ്രൂഷകനെ ഒരു കായിക താരത്തോടുപമിക്കുന്നു. ഏത് തരം കായികാഭ്യസനത്തിനും നല്ല പോഷകഗുണങ്ങളുള്ള ആഹാരം അത്യന്താപേക്ഷിതമാണ്. നല്ല ഉപദേശവും, വചനവുമാണ് ഇവിടെ നല്ല ഭക്ഷണമായി പറയുന്നത്. ഇന്ന് ആത്മികരംഗം ക്ഷയിക്കുവാൻ കാരണം നല്ല ഉപദേശത്തിന്റെയും, വചനത്തിന്റെയും അഭാവമാണ്. തിമൊഥെയൊസ് നല്ല ശുശ്രൂഷകനാകുന്നത് താൻ ആ വചനം ഗ്രഹിക്കുന്നതിനാൽ മാത്രമല്ല, സഹോദരന്മാരെ ഗ്രഹിപ്പിക്കുന്നതിനാലുമാണ്. ഭക്തിക്കു വിരുദ്ധമായ ഉപദേശങ്ങൾക്ക് ചെവികൊടുക്കാതെ അതായത് ആത്മീയ അനാരോഗ്യത്തിലേക്ക് നയിക്കുന്ന ഉപദേശങ്ങളെ ഒഴിവാക്കി ആത്മിക അച്ചടക്കത്തിലേക്കും വളർച്ചയിലേക്കും നയിക്കുന്ന വചനത്തിന് പ്രാധാന്യം നൽകുക. മറ്റനേകം ഘടകങ്ങൾ ഒരു ശുശ്രൂഷകന് ആവശ്യമാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ടത് വചനമാണ്.

**2. ദൈവഭക്തി അഭ്യസിക്കുന്ന ശുശ്രൂഷകൻ (4:7-9)**

പൗലൊസ് ശുശ്രൂഷകനെ ഒരു കായിക താരത്തോടുപമിക്കുമ്പോൾ, പൗലൊസിന്റെ മനസ്സിലേക്ക് വരുന്നത് പരിശീലനത്തിന്റ ആവശ്യകതയാണ്. നമ്മുടെ ഭാരതത്തിൽ നിന്നും ഒരു സംഘം ഒളിമ്പിക്സിന് പോയെങ്കിലും ശരിയായ പരിശീലനമില്ലാത്തതിനാലും സാങ്കേതിക സൗകര്യങ്ങളുടെ അഭാവം നിമിത്തവും മിക്കതിലും പരാജയപ്പെടേണ്ടി വന്നു. ആത്മികരംഗത്തും ഇത് സത്യമാണ്. ശാരിരിക അഭ്യാസം പ്രയാജനപ്രദമാണെങ്കിലും ദൈവത്തിന്റെ ഒരു ശുശ്രൂഷകനെ സംബന്ധിച്ച് ദൈവഭക്തിക്കാണ് താൻ പ്രാധാന്യം നല്കേണ്ടത്. *ശരീരാഭ്യാസം* എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് *ജിംനാസെ* എന്ന വാക്കാണ്. അതിൽ നിന്നാണ് ജിംനേഷ്യം എന്ന വാക്കുടലെടുത്തത്. ശാരിരിക അഭ്യാസം ഈ ലോകത്തിലാവശ്യമാണെങ്കിൽ ദൈവഭക്തിയിലുള്ള അഭ്യ

# പുനരുത്ഥാനത്തിന്റെ പ്രസക്തി

യോഹന്നാൻ ഏബ്രഹാം

ക്രിസ്തീയ വിശ്വാസത്തിന് ആഴമായ അർത്ഥവും അനുഗ്രഹീതമായ ആശയവും നൽകുന്നത് പുനരുത്ഥാനമാണ്. ക്രിസ്തീയത്വം ആധേയപ്പെട്ടിരിക്കുന്നതുതന്നെ പുനരുത്ഥാനത്തിലുള്ള പ്രത്യാശയിലാണ്. നസ്രായനായ യേശുവിന്റെ പരസ്യജീവിതകാലത്തു പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത ഒരു കൂട്ടർ ഉണ്ടായിരുന്നു സദൂക്യർ. ഇവരുടെ പിൻമുറക്കാർ ഈ കാലയളവിൽ ധാരാളം ഈ ഭൂമുഖത്ത് ജീവിച്ചിരിപ്പുണ്ട്. അവരുടെ തത്വജ്ഞാനം തിന്നുക, കുടിക്കുക, നാളെച്ചാകുമല്ലോ എന്നാണ്. മരണം മനുഷ്യജീവിതത്തിന് പൂർണ്ണ വിരാമം ഇടുന്നതായിട്ടാണ് ഇവർ ചിന്തിക്കുന്നത്. അയ്യോ! ഇത്ര നിരാശരായവർ വേറെയില്ല.

എന്നാൽ പുനരുത്ഥാനം എന്ന ആശയം വളരെ പുരാതന കാലത്തുതന്നെ ദൈവം മനുഷ്യന് വെളിപ്പെടുത്തിയിരുന്ന സത്യമാണ്. അബ്രാഹാം പിതാവിനും മുൻപ് പൂർവ്വ ദിക്ക് നിവാസിയായിരുന്ന ഇയ്യോബ് തന്റെ നിരാശയിൽ മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? എന്ന് സംശയിക്കുന്നു. ഏതാനും അദ്ധ്യായങ്ങൾ കഴിയുമ്പോൾ ഇയ്യോബു തന്നെ പറയുന്നത് ശ്രദ്ധിക്കുക. "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നുവെന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ ക്കാണും അന്യനല്ല എന്റെ സ്വന്ത കണ്ണ് അവനെ നോക്കിക്കാണും (ഇയ്യോബ് 13:14-19:25-27).

മാറ്റമില്ലാത്ത എന്നേക്കും സ്ഥിരമായ വിശുദ്ധ തിരുവചനത്തിൽ പഴയനിയമത്തിൽതന്നെ പുനരുത്ഥാനത്തെക്കുറിച്ച് അനേക പരാമർശങ്ങൾ കാണാവുന്നതാണ്. പ്രധാനപ്പെട്ട ഒന്നു രണ്ടു ഭാഗങ്ങൾ നോക്കാം. യേശുക്രിസ്തുവിന് 750 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന യെശയ്യാവ് പ്രവചിച്ചിരിക്കുന്നത് "നിന്റെ മൃതന്മാർ ജീവിക്കും എന്റെ ശവങ്ങൾ എഴുന്നേല്ക്കും. പൊടിയിൽ കിടക്കുന്നവരേ ഉണർന്നു ഘോഷിപ്പിൻ. നിന്റെ മഞ്ഞ് പ്രഭാതത്തിലെ മഞ്ഞ്പോലെയിരിക്കുന്നു. ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ" (യെശ. 26:19). എന്റെ ശവങ്ങൾ (മരിച്ചവർ) എഴുന്നേല്ക്കും എന്നതിന് മൂലഭാഷയിൽ പുനരുത്ഥാനം എന്നാണർത്ഥം. ഇനിയും 2 പുനരുത്ഥാനങ്ങളെക്കുറിച്ചുള്ള ദാനിയേലിന്റെ പ്രവചനം നോക്കുക. നിലത്തിലെ പൊടിയിൽ കിടക്കുന്നവർ, നിദ്രകൊള്ളുന്നവരിൽ പലരും നിത്യ ജീവന്നായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായി ഉണരും. നിത്യജീവനായി ഉണരുന്നവർ എപ്പോഴെന്നും നിത്യ നിന്ദയ്ക്കായി ഉണരുവാൻ പോകുന്നത് എപ്പോഴെന്നും അത് എങ്ങനെയായിരിക്കുമെന്നും ഈ ഭാഗങ്ങളിൽ പറയുന്നില്ല. എന്നാൽ നിത്യജീവനായി പുനരുത്ഥാനം ചെയ്യുന്നവർ ജീവപുസ്തകത്തിൽ പേരെഴുതി കാണുന്നവരാണ് (ദാനി. 12:2,3). മൂന്നാം വാക്യത്തിൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും എന്ന് സൂചിപ്പിക്കുന്നു. എബ്രായലേഖനകാരൻ പറയുന്നത് പഴയനിയമം ഭാഗികവും വിവിധവുമാണെന്നാണ് (എബ്രാ. 1:1). പുനരുത്ഥാന ചിന്ത ദൈവം മുന്നമേ വെളിപ്പെടു

---

സനം അതിനെക്കാൾ പതിന്മടങ്ങ് പ്രയാജനപ്രദമാണെന്ന് ഓർക്കണം. കായിക രംഗത്തിൽ നിന്നുള്ള ദൃഷ്ടാന്തങ്ങൾ പൗലൊസ്, 1 കോരി. 9.24-27-ലും എടുത്ത് കാട്ടുന്നുണ്ട്.

**3. ലക്ഷ്യബോധമുള്ള ശുശ്രൂഷകൻ (4:10)**

വിശ്വാസത്യാഗത്തെ ചെറുക്കുന്ന നല്ല ശുശ്രൂഷകനാകുവാൻ വേണ്ട മറ്റൊരു ഘടകമാണ് ലക്ഷ്യബോധത്തോടെ ദൈവവേല ചെയ്യുക എന്നുള്ളത്. ലോകത്തിൽ നിന്നുള്ള പ്രതികൂലവും, ജീവിതത്തിന്റെ ഭാരങ്ങളും, നിരാശയ്ക്ക് വഴിയൊരുക്കുന്ന ചിന്തകളും ഒരു ശുശ്രൂഷകനെ തളർത്തിയെന്ന് വരാം. എന്നാൽ ഒരു ശുശ്രൂഷകന് ആവശ്യമായിട്ടുള്ളത് തന്റെ ലക്ഷ്യപ്രാപ്തിക്കുള്ള ആർജ്ജവത്വമാണ്. ഈ ഭാഗത്തും പൗലൊസ് കായിക ലോകത്ത് നിന്നുള്ള ചില പദങ്ങൾ ഉപയോഗിക്കുന്നു. അഗോണോസോമെഥാ എന്ന വാക്കിൽ നിന്നാണ് *ആഗോണൈസ്* എന്ന വാക്കുണ്ടായിട്ടുള്ളത്. ഇത് അർത്ഥമാക്കുന്നത് അദ്ധ്വാനിക്കുകയെന്നാണ്. ഏതോരു കായിക മത്സരത്തിനാണെങ്കിലും കഠിനാദ്ധ്വാനമില്ലാതെ വിജയം വരിക്കാൻ സാധ്യമല്ല.

ആത്മീയരംഗത്തും വിരുതിനായുള്ള പോരാട്ടത്തിൽ ആശ, അദ്ധ്വാനം, പോരാട്ടം ഇവ ആവശ്യമാണ്. ഇവിടെ ദൈവത്തെക്കുറിച്ച് അവൻ ജീവനുള്ള ദൈവമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ജീവനില്ലാത്ത, ജാതികളുടെ വിഗ്രഹങ്ങളിൽ വിശ്വാസമർപ്പിച്ചാൽ എന്ത് പ്രത്യാശയുണ്ടാകും? നാം ആശ്രയിക്കുന്ന ദൈവം ജീവനുള്ളവനെന്ന് മാത്രമല്ല സകല ജീവന്റെയും ഉറവിടവുമാണ്. പൗലൊസിന്റെ കാലത്തെപ്പോലെ വിശ്വാസത്യാഗം അരങ്ങേറുന്ന ഈ കാലത്തും ദൈവജനത്തിന് ചെയ്യുവാനുള്ളത് നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം നിവർത്തിക്കുക എന്നതാണ്. അതിന് ദൈവം എല്ലാ അനുവാചകർക്കും കൃപ നല്കട്ടെ **(തുടരും)**

ത്തിയ സത്യമാണ്. ബഥാന്യയിലെ മാർത്ത യേശു കർത്താവിനോട് ലാസറിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പറയുന്നത് ഒടുക്കത്തെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നാണ് (യോഹ 11:24). ഈ ആശയം മാർത്തയ്ക്ക് എവിടെനിന്ന് ലഭിച്ചതാണ്. യഹൂദന്മാരുടെ ഇടയിൽ ആത്മാവിനെക്കുറിച്ചും മരണാനന്തരപുനരുത്ഥാനത്തെക്കുറിച്ചും ദൈവം വെളിപ്പെടുത്തിയിരുന്നു എന്ന് ന്യായമായി കരുതാവുന്നതാണ്. കേവലം ഒരു അടുക്കളക്കാരിക്കുപോലും അറിയാവുന്ന സത്യം.

**പുനർ ജനനം**

വളരെ പുരാതനകാലത്തുതന്നെയുണ്ടായിരുന്ന ഒരു ആശയമാണിത്. യവന ദാർശനികനായിരുന്ന പീത്തഗോറസിന്റെ കാലം മുതൽ പ്രചരിച്ചിരുന്ന ആശയം. ഇത് പല മതങ്ങളുടെയും അടിസ്ഥാന പ്രമാണമായി മാറി. മരിക്കുന്ന വ്യക്തി അതേ ശരീരത്തിൽ പുനർജനനം പ്രാപിക്കുമെന്ന ആശയമല്ലിതിനുള്ളത്. നായായിട്ടോ, നരിയായിട്ടോ,പാമ്പായിട്ടോ, പല്ലിയായിട്ടോ ഏറ്റം നന്മ ചെയ്തവനാണെങ്കിൽ മനുഷ്യനായിട്ടോ ജനിക്കുമെന്നാണ്. അതും സാധാരണ ജനനം പോലെ സംഭവിക്കുകയാണ്. ഈ ലോകത്തിൽ മണ്ടയനായി ഇനിയും കാണാൻ കഴിഞ്ഞില്ല എങ്കിൽ അടുത്ത ജന്മം കാണാമെന്ന ധാരണ സാധാരണ വിശ്വാസികൾ പോലും അറിയാതെ പറയുന്നത് കേട്ടിട്ടുണ്ട്. പുനർ ജനനഭൗതീകതയല്ല തിരുവചനത്തിൽ വാഗ്ദത്തം ചെയ്തിരിക്കുന്ന പുനരുത്ഥാനം. ദൈവമക്കളായവർ വിണ്മയരായി ഉണർന്നു വരുമെന്നാണ്. അല്ലാത്തവരും ശരീരസ്ഥരായി ഉണർന്നു വരും. കാരണം പാതാളത്തിൽ യാതന അനുഭവിക്കുന്ന ധനവാൻ അബ്രാഹാം പിതാവിനേയും ലാസറിനേയും തിരിച്ചറിയുന്നു എന്നതാണ്. കേവലം മായയായ ഒരു പുനരുത്ഥാനമല്ല ഭൗതീകതയിൽ ജീവിക്കാനുമല്ല.

നസ്രയനായ യേശു 3 പേരെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചു. ഇത് പുനരുത്ഥാനമാണോ. അല്ല, പുനർ ജീവിതമാണ്. ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നതാണ്. അവർ സാധാരണ മനുഷ്യരെപ്പോലെ ജീവിച്ച് മരിക്കുന്നതാണ്. മരണത്തെക്കുറിച്ച് കർത്താവ് പറഞ്ഞത് നിദ്ര എന്നാണ്. ഉറക്കം അവർ അല്പസമയത്തേക്ക് ഉറങ്ങിയതാണ്. അവരുടെ ആത്മാവ് തിരികെ അതേ ശരീരത്തിലേക്ക് മടക്കി വരുത്തിയതാണ്. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും എന്നവകാശപ്പെട്ട യേശുക്രിസ്തുവിന് അസാദ്ധ്യമായത് ഒന്നും ഇല്ലല്ലോ.

ദാനിയേൽ പ്രവചനത്തിൽ പുനരുത്ഥാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗത്തിന് മുൻപ് ഒരു ജാതിയുണ്ടായതു മുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും. മഹോപദ്രവത്തിനെയാണ് ഇവിടെ കഷ്ടകാലം എന്നു പറയുന്നത്. അതിനൊടുവിൽ പുസ്തകത്തിൽ എഴുതി കാണുന്ന നിന്റെ ജനം ഏവരും രക്ഷിക്കപ്പെടും(ദാനി 12:1) 2 പുനരുത്ഥാനത്തെക്കുറിച്ച് വെളിപാടു പുസ്തകത്തിൽ കാണുന്നു. ഒന്നാം പുനരുത്ഥാനമെന്നും രണ്ടാം പുനരുത്ഥാനമെന്നും പറയുന്നത് കാലഗണനയല്ല. പുനരുത്ഥാനത്തിന്റെ ഭാഗദേയത്തെയാണ് കാണിക്കുന്നത്. നിത്യജീവനായി ഒന്നാമത്തെ പുനരുത്ഥാനം; നിന്ദയ്ക്കായി രണ്ടാമത്തെ പുനരുത്ഥാനം.

**ജീവനായുള്ള പുനരുത്ഥാനം**

പുനരുത്ഥാനത്തെക്കുറിച്ച് വിവിധ ആശയങ്ങൾ നൽകുന്ന വചന ഭാഗങ്ങൾ ശ്രദ്ധിക്കാം.

**നീതിമാന്മാരുടെ പുനരുത്ഥാനം**

കർത്താവ് താൻതന്നെ പറഞ്ഞതാണ് ദരിദ്രന്മാർ, അംഗഹീനർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിച്ച് അത്താഴം നൽകിയാൽ നീ ഭാഗ്യവാനാകും. നിനക്ക് പ്രത്യുപകാരം ചെയ്യുവാൻ അവർക്ക് കഴികയില്ലല്ലോ. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്ക് പ്രത്യുപകാരം ലഭിക്കും (ലൂക്കൊസ് 14:13-14). വിശ്വാസത്താൽ മാത്രമാണ് ഒരുവൻ വീണ്ടും ജനിച്ച് ദൈവപൈതലാകുന്നത്. ഇത്ര വലിയ രക്ഷ കൃപയാൽ സൗജന്യമായി ലഭിക്കുന്നതാണ്. എന്നാൽ രക്ഷിക്കപ്പെട്ടവർ ഇഹത്തിൽ ജീവിച്ചിരിക്കുമ്പോൾ സൽപ്രവർത്തികൾക്ക് ഉത്സാഹികളും മുമ്പന്മാരുമായിരിക്കേണ്ടതാണ്. അവർ ചെയ്യുന്ന സൽപ്രവർത്തികൾക്ക് സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുന്നതാണ് (2 കൊരി 5:10)

**മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം**

അപ്പൊസ്തലനായ പൗലൊസ് സ്വാനുഭവത്തിൽനിന്നും എഴുതിയിരിക്കുന്നത് "ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെ അനുഭവിച്ചറിയേണ്ടതിന് ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണമെന്ന് വെച്ച് ക്രിസ്തു നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു. (ഫിലി. 3:11). പുനരുത്ഥാനം എന്ന പ്രത്യാശയിലാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് (റോമർ 8:24).

**ഏറ്റവും നല്ലോരു ഉയിർത്തെഴുന്നേല്പ്.**

എബ്രാ. 11-ാം അദ്ധ്യായത്തിൽ വിശ്വാസ വീരന്മാരുടെ പട്ടിക നിരത്തിയിരിക്കുകയാണ്. അപമാനവും ഭേദ്യവും ഏറ്റവർ ഏറ്റവും നല്ലോരു ഉയിർത്തെഴുന്നേല്പിൻ പ്രത്യാശയിലാണ് അവ സഹിച്ചത്. അനേകായിരം വിശുദ്ധന്മാർ ക്രൂരമായ വേദനയ്ക്കും അപമാനകരമായ മരണത്തിനും തങ്ങളെ സധൈര്യം ഏല്പിച്ചു കൊടുത്തത് ഏറ്റം നല്ല ഒരു പുനരുത്ഥാനം പ്രാപിക്കും എന്ന ഉറപ്പിന്മേലാണ് (എബ്രാ. 11:35).

**ഒന്നാമത്തെ പുനരുത്ഥാനം (വെളി.20.6)**

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനുമാണ്. അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടി ആയിരമാണ്ടു വാഴും. ആരൊക്കെയാണ് ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർ. പെന്തക്കൊസ്തു നാളിൽ സ്ഥാപിതമായ കർത്താവിന്റെ ശരീരമായ സഭയിൽ അംഗങ്ങളായിട്ടുള്ളവരേ പ്രത്യേകമായി പരിഗണിച്ചിരിക്കുന്നു. അവർ മണവാളനായ ക്രിസ്തുവിന്റെ മണവാട്ടിയാണ്. അവരുടെ പുനരുത്ഥാനം മഹോപദ്രവത്തിന് മുൻപാണന്ന് തിരുവെഴുത്ത് വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ച് ചിന്തിച്ചാൽ മാത്രമേ ഈ വിഷയം വ്യക്തമാവുകയുള്ളൂ. കർത്താവിന്റെ പുനരാഗമനത്തിന് 2 പതനങ്ങൾ (stage) ഉണ്ട്. ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ട് മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷത എന്നത് ശ്രദ്ധിക്കുക. ഭാഗ്യകരമായ പ്രത്യാശയിൽ തന്റെ മണവാട്ടിയായ തിരുസഭയുടെ പുനരുത്ഥാനവും രൂപാന്തരീകരണവുമാണ് സംഭവിക്കുന്നത് (തീത്തോസ് 2:12).

തേജസിന്റെ പ്രത്യക്ഷത രണ്ടാം പതനമാണ്. ആയത് മഹോപദ്രവത്തിനു ശേഷം എതിർക്രിസ്തുവിനേയും സാത്താനേയും പരാജയപ്പെടുത്തി അഗാധകൂപത്തിൽ ബന്ധിക്കുന്നതിനാണ്. 2 തെസ്സ. 2:1 ൽ പുനരാഗമനത്തിന്റെ 2 പതനങ്ങൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇനി സഹോദരന്മാരേ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും.പ്രത്യക്ഷതയും സമാഗമനവും എന്നു പറഞ്ഞിരിക്കുന്ന പുനരാഗമനത്തിന്റെ ആദ്യപതനമാണ്. എതിർ ക്രിസ്തുവിന്റെ രംഗപ്രവേശനത്തിന് തടസ്സമായി നിൽക്കുന്നത് വഴിയിൽ തടുക്കുന്നവൻ അതായത് പരിശുദ്ധാത്മാവ് ആണ്. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. പെന്തക്കൊസ്തു നാളിൽ ലോകത്തിലേക്ക് വന്ന പരിശുദ്ധാത്മാവാം ദൈവം ദൈവസഭയുടെ സംരക്ഷണത്തിന് എന്നേക്കും നമ്മോടുകൂടി ഇരിക്കുന്നതാണ്. സഭയുടെ എടുത്തുകൊള്ളപ്പെടലോടുകൂടി പരിശുദ്ധാത്മാവ് ഇവിടെ നിന്നും മാറിപ്പോകുന്നതാണ്. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടു വരും. അവന്റെ ലോകത്തിലെ തേരോട്ടം 7 വർഷക്കാലമെന്ന് ദാനിയേൽ പ്രവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അതായത് മഹോപദ്രവകാലം. ആ മഹോപദ്രവകാലത്ത് സാത്താനെ അവഗണിച്ച അനേകായിരങ്ങൾ കൊല്ലപ്പെടുന്നതാണ്. അവർ ദൈവത്തിൽ വിശ്വസിച്ചവരാണ്. അവരും പഴയനിയമ ഭക്തന്മാരും മഹോപദ്രവത്തിനൊടുവിൽ പുനരുത്ഥാനം പ്രാപിക്കും. അതിനു ശേഷം കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും (2 തെസ്സ. 2:6–8). ഇത് രണ്ടാമത്തെ പതനമാണ്. ദാനിയേൽ പ്രവചനവും വെളിപാടു പുസ്തകവും ബന്ധിപ്പിച്ച് ഈ പ്രവചന സത്യങ്ങൾ വിശദീകരിപ്പാൻ സ്ഥല പരിമിതി അനുവദിക്കുന്നില്ല (യോഹ 5:25–29). ഈ വേദഭാഗങ്ങളിൽ കർത്താവു പറഞ്ഞിരിക്കുന്നതിന്റെ പ്രാവർത്തീകതയാണ് 1 തെസ്സ. 4:13 –18 വരെ പറഞ്ഞിരിക്കുന്നത്. കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുകൂടി മദ്ധ്യാകാശത്തിൽ ഇറങ്ങിവരുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കും. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിക്കും. ഇരുവരും മദ്ധ്യാകാശത്തിൽ എടുക്കപ്പെടും. ലാസറേ പുറത്തുവരിക എന്ന ശബ്ദത്തിങ്കൽ മരിച്ച് 4 നാൾ കഴിഞ്ഞ് നാറ്റം വെച്ച ലാസർ പുനർജീവൻ പ്രാപിച്ചു. കർത്താവിൽ മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനും ജീവിച്ചിരിക്കുന്ന ദൈവമക്കളുടെ രൂപാന്തരത്തിനും കർത്താവിന്റെ ഗംഭീര ശബ്ദം ആവശ്യമാണ്. പുനരുത്ഥാനം ചെയ്തും രൂപാന്തരം പ്രാപിച്ചും മദ്ധ്യാകാശത്തിലേയ്ക്ക് കരേറിപോകുന്നവരേ ആകാശത്തിലെ അധിപതിയായ സാത്താന്റെ സൈന്യം തടഞ്ഞു നിർത്താതെയിരിക്കാൻ പ്രധാന ദൂതന്റെ ആഹ്വാനവും ആവശ്യമാണ്. ആ ശബ്ദം ദൈവദൂതസൈന്യത്തെ സജ്ജമാക്കും. ദൈവത്തിന്റെ കാഹളം എല്ലാവരും ഒത്തുചേരേണ്ടതിനായിട്ടാണ്. 1 കൊരി. 15:52 ലെ അന്ത്യകാഹളമിതാണ്.

മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനമെന്ന് പുതിയനിയമത്തിൽ 49 പ്രാവശ്യം കാണപ്പെടുന്നു. അതിലൊന്നുപോലും ദുഷ്ടന്മാരുടെ പുനരുത്ഥാനത്തെ കുറിക്കുന്നില്ല. മരിച്ചവരുടെ ഇടയിൽ നിന്നും പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെക്കുറിച്ച് 34 പ്രാവശ്യം പറയുന്നു. അതിക്രമത്തിലും പാപത്തിലും മരിച്ച അവസ്ഥയിൽനിന്നും ആത്മീയ ജീവിതത്തിലേക്ക് ഉയിർപ്പിക്കപ്പെടുന്നതിനെക്കുറിച്ച് പൗലൊസ് അപ്പൊസ്തലൻ ആലങ്കാരിക ഭാഷയിൽ 3 പ്രാവശ്യം പറഞ്ഞിരിക്കുന്നു. ലാസറിന്റെ പുനർജീവിത ഉദ്ധാരണത്തെക്കുറിച്ച് 3 പ്രാവശ്യം പറഞ്ഞിട്ടുണ്ട് (റോമർ 8:13; 11:15; എഫെ. 5:14;2:1; ലൂക്കൊസ് 16:31;എബ്രാ. 11:19) (തുടരും)

# ഉണർന്നിരിപ്പിൻ

രത്നാ ജേക്കബ്, പുതുപ്പള്ളി

"ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ'' (മത്തായി25:13). പാപാന്ധകാരത്താൽ ഗാഢനിദ്രയിൽ ആയിരിക്കുന്ന ഒരു ലോകത്തിലാണ് ദൈവമക്കളായ നാം ഇന്ന് ആയിരിക്കുന്നത്. ദൈവമക്കൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വം വളരെ വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടമാണ് ഇത്. എന്തുകൊണ്ട് നാം ഉണർന്നിരിക്കണം? നമ്മുടെ ആത്മമണവാളൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: ''നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" (മത്തായി 24:42).

നമ്മുടെ അരുമനാഥൻ അരുളിചെയ്ത 10 കന്യകമാരുടെ ഉപമയെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ ആ 10 കന്യകമാരുടെയും ലക്ഷ്യം ഒന്നുതന്നെയായിരുന്നു. മണവാളനെ എതിരേല്ക്കുക എന്നത്. അവരിൽ 5 പേർ ബുദ്ധിയുള്ളവരും വിളക്കോടുകൂടെ പാത്രത്തിൽ എണ്ണ എടുത്തവരും ആയിരുന്നു. മറ്റെ 5 പേർ ബുദ്ധി ഇല്ലാത്തവരും വിളക്കിൽ എണ്ണയില്ലാത്തവരും ആയിരുന്നു. ഇവരിൽ ആരാണ് മണവാളനോടു കൂടെ കല്ല്യാണസദ്യയ്ക്ക് ചെന്നത്? ഒരുങ്ങിയിരുന്നവർ മാത്രം.

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് അരുളിച്ചെയ്ത മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഇന്ന് കേവലം മൺപാത്രങ്ങളായ നമ്മിൽ വസിക്കുന്നു. അന്ധകാര നിബിഡമായ ഈ ലോകത്തിന്റെ വെളിച്ചമായി, തന്റെ കൃപയാൽ വിളക്കുകളായിത്തീർന്ന നമ്മിൽ വസിക്കുന്ന ക്രിസ്തുയേശുവിന്റെ അത്ഭുത പ്രകാശത്തെ പരിശുദ്ധാത്മാവ് ആകുന്ന എണ്ണയാൽ നിറഞ്ഞവരായി ദൈവമക്കൾ എന്ന നിലയിൽ നമുക്കു ചുറ്റും പരത്തേണ്ടവരാണ്. ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കണം എന്ന് അരുളിച്ചെയ്ത പിതാവായ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു വേണ്ടി ഇന്ന് നമ്മുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുകയാണ് (2 കൊരി. 4:6). അവൻ ദൈവതേജസ്സിന്റെ പ്രഭയാണ്. നാം നമ്മെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ മുമ്പെ നാം ആരായിരുന്നു? നമ്മുടെ അവസ്ഥ എന്തായിരുന്നു. മുമ്പെ നാം ഇരുളായിരുന്നു. മരണത്തിന്റെ അധികാരിയായ പിശാചിന് നാം അടിമകളായി അന്ധകാരത്തിൽ കിടന്ന് നശിച്ചു പോകേണ്ടവരായിരുന്നു. എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു. വക്രതയും കോട്ടവും ഉള്ള ഒരു തലമുറയുടെ മദ്ധ്യത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. അവരുടെ ഇടയിൽ നാം ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണം എന്ന് അപ്പൊസ്തലൻ നമ്മെ ഓർപ്പിക്കുന്നു (ഫിലി. 2:15). വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിൽ അല്പപ്രാണികളായ നമുക്കും വലിയവനായ ദൈവം പങ്കുതന്നിരിക്കുകയാണ്. നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുകയാണ് (കൊലൊ. 1:12,13). അതുകൊണ്ട് സഹോദരിമാരായ നാം കർത്താവിന് പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടക്കേണ്ടതാണ്. (എഫെ.5:14).

ഈ സർവ്വശക്തനായ ദൈവം കേവലം പുറജാതി നായ്ക്കളും തികച്ചും അയോഗ്യരും ശിക്ഷായോഗ്യരും ആയിരുന്ന നമ്മെ പാപാന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചു വേർതിരിച്ചു. എന്തിന്? അവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ അവൻ നമ്മെ തിരഞ്ഞെടുത്തു സ്വന്തജനവും വിശുദ്ധവംശവും രാജകീയ പുരോഹിത വർഗ്ഗവുമാക്കി തീർത്ത തന്റെ അത്ഭുത കൃപയെ എത്ര വർണ്ണിച്ചാലും മതിയാകയില്ല. അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാൽ അല്ല തന്റെ കരുണാധിക്യ പ്രകാരമത്രേ രക്ഷിച്ചത്. ആകയാൽ ഇന്ന് നാം എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആയിരിക്കുന്നു. നാം രാത്രിക്കും ഇരുളിനുമുള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമുള്ളവരായും ഇരിക്ക (1 തെസ്സ. 5:5,6). അതെ നമ്മുടെ ആത്മമണവാളൻ ഇതാ വാതില്ക്കൽ ആയിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിക്കാം. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കുവാൻ അല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ആകയാൽ നമ്മുടെ ആത്മമണവാളൻ ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു തന്നെ നമുക്ക് ചിന്തിക്കാം.

സഹോദരിമാരേ, നമുക്ക് ഏല്പിച്ചു കിട്ടിയ ഈ അത്ഭുത വെളിച്ചത്തെ ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കുപോലെ നമുക്ക് പ്രകാശിപ്പിക്കാം. നമ്മെ ആക്കി വെച്ചിരിക്കുന്ന സ്ഥാനത്ത് പാപാന്ധകാരത്താൽ നിറഞ്ഞ ഈ ലോകത്തിൽ ഈ ജീവന്റെ വെളിച്ചം പകർന്ന് നമുക്ക് നമ്മുടെ പ്രാണനാഥനെ വിശ്വസ്തതയോടെ സേവിക്കാം. വേഗം വരുന്ന നമ്മുടെ കാന്തനെ എതിരേല്ക്കുവാൻ നാം ഒരുങ്ങിയിരിക്കുന്നുവോ എന്ന് നമ്മെ തന്നെ ഒന്നു പരിശോധിക്കാം. ചാകാറായ ശേഷിപ്പുകളെ നമുക്ക് ഒന്നു ശക്തീകരിക്കാം. ഉറക്കത്തിൽ നിന്ന് ഉണരാം. സമയത്തെ തിരിച്ചറിയാം. അതെ നമ്മുടെ കർത്താവ് ഇതാ വേഗം വരുന്നു. താമസിക്കയും ഇല്ല. "കർത്തൻ യേശു വാനിൽ വരുവാൻ തന്റെ കാന്തയെ ചേർത്തിടുവാൻ ഇനി കാലം അധികമില്ല."

# സഭയാം ദൈവാലയത്തിലെ നടപ്പ് വ്യവസ്ഥപ്രകാരമോ?

ജോർജ്ജ് സി. വർഗീസ്

"സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിന് (1 തിമൊ. 3:15).

യഥാർത്ഥമായി രക്ഷയുടെ അനുഭവത്തിലേക്ക് വന്ന് ദൈവിക കല്പനകൾക്ക് കീഴ്പെട്ട് വചനാനുസരണം ദൈവത്തെ ആരാധിക്കുന്ന ഓരോ ദൈവപൈതലും "ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയ ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിന് പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു എന്നും അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു" എന്നും ദൈവവചനം അനുശാസിക്കുന്നു (1 പത്രൊസ്. 2:5-9). പുരോഹിതന്മാർ എന്ന നിലയിൽ ദൈവസഭയിലെ നമ്മുടെ നടപ്പും ജീവിത ശൈലിയും ദൈവത്തിന് പ്രസാദകരമോ?

ഈ നാളുകളിൽ അനേകം സ്ഥലം സഭകളിലെ ഭിന്നതകളേയും സഭായോഗങ്ങൾ പോലും ഇല്ലാതായ അവസ്ഥകളെപ്പറ്റി കേൾക്കുമ്പോൾ ദൈവജനമേ നാം ദൈവസന്നിധിയിൽ ലജ്ജിച്ചു തല താഴ്ത്തണം. "വളരുംതോറും പിളരുക" എന്ന രാഷ്ട്രീയ പാർട്ടികളുടെ അവസ്ഥയിലേക്കും നാം എത്തിച്ചേർന്നിരിക്കുന്നു. ദൈവഭയമില്ലാതെ അതിന്റെ ശക്തി കെടുത്തി കളയുന്നവരായി നാം തീർന്നിരിക്കുന്നു. ഒരു വിദേശ രാജ്യത്ത് ദീർഘനാളുകളായി ദൈവജനം സന്തോഷമായി കൂടിവന്ന് ആരാധിച്ചു വന്നത് ഇപ്പോൾ സഭയിലെ ഭിന്നതമൂലം ആരാധനയേ ഇല്ലാതായി എന്ന് അവിടെ നിന്നും വന്ന ഒരു മാന്യസഹോദരനിൽ നിന്നും കേൾക്കുവാനിടയായി. താൻ വളരെ ഹൃദയ വേദനയോടുകൂടിയാണ് സഭയിൽ ഈ കാര്യം പ്രാർത്ഥനയ്ക്കായി അറിയിച്ചത്. മറ്റ് ചിലടത്താകട്ടെ സഭയിലെ ചേരിതിരിവ് കാരണം ഹാളുകൾ പൂട്ടിക്കിടക്കുന്നതായും അറിയുന്നു. ചില പുതിയ സ്ഥലം സഭകളിലാകട്ടെ സഭയിലെ സുവിശേഷകൻ കൂടുതൽ മെച്ചമായ സാമ്പത്തിക മേഖലകൾ ലക്ഷ്യമാക്കി പോയതിനാൽ സ്ഥലം സഭയെ നയിക്കാൻ ആളില്ലാതെ പോയി. ഫലമോ? ആളുകൾ ചിതറിപ്പോയി. യോസഫിന്റെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ല താനും" (ആമോ. 6:6) എന്ന് പ്രവാചകൻ നൂറ്റാണ്ടുകൾക്ക് മുമ്പ് വിലപിച്ചത് നമ്മുടെയും ചിന്താവിഷയമായിരിക്കട്ടെ.

മാനുഷിക സ്വേച്ഛ കർത്തൃത്വം നടത്തുന്ന ഈ ലോകത്തിൽ ദൈവത്തിന്റെ ദാസന്മാർക്ക് പ്രവർത്തിക്കാനുള്ള ഏക മാർഗ്ഗം ക്രിസ്തുവിന് നമ്മുടെ മേലുള്ള കർത്തൃത്വത്തെ സംബന്ധിച്ചുള്ള യഥാർത്ഥബോധം നമ്മുടെ ഹൃദയങ്ങളിൽ ആഴമായി മുദ്രിതമായിരിക്കണം എന്നതാണ്. എങ്കിലേ ഫലപ്രദമായ വിശ്വാസജീവിതത്തിനും സേവനത്തിനും നാം പ്രാപ്തരാകയുള്ളൂ. ഞാൻ എന്തുചെയ്യുന്നുവെന്നോ എവിടെപ്പോകുന്നു എന്നതിലോ അല്ല, ഞാൻ എന്റെ കർത്താവിന്റെ ഇഷ്ടമാണോ ചെയ്യുന്നത് എന്ന് മാത്രമേ നമുക്ക് ചിന്തിപ്പാനുള്ളൂ. ഒരു സൂക്ഷ്മപരിശോധന നടത്തിയാൽ പല സ്ഥലം സഭകളിലേയും ഭിന്നതയ്ക്ക് കാരണം സഭാ നേതൃത്വത്തിൽ എത്തിച്ചേരാനുള്ള വ്യഗ്രത നിമിത്തമോ അല്ലെങ്കിൽ കർത്തൃത്വത്തിന് കീഴ്പ്പെടാൻ മനസില്ലാത്തതുകൊണ്ടോ ദ്രവ്യസ്നേഹം കൊണ്ടോ ഉണ്ടാകുന്നതാണ് എന്നു കാണാൻ കഴിയും. "കർത്താവേ ഞാൻ എന്ത് ചെയ്യേണം" എന്ന് ദമസ്ക്കൊസിന്റെ പടിവാതിക്കൽവെച്ച് തർസ്സോസിലെ ശൗൽ വിളിച്ചു ചോദിച്ചപ്പോൾ തന്റെ സ്വേച്ഛയെ യഹോവയ്ക്ക് അടിയറ വെയ്ക്കുന്ന ഹൃദയഭാവം തന്നിൽ നാം കാണുന്നു. ദൈവജനത്തെ ആവോളം പീഡിപ്പിച്ച സ്വേച്ഛാനുസാരിയും നിഷ്ഠൂരനും ക്രൂരനുമായിരുന്ന ഒരുവന്റെ നാവിൽ നിന്നും നിർഗമിച്ച അതിമനോഹരങ്ങളായ അനുഗ്രഹീത വാക്കുകളായിരുന്നു അവ. ഇന്ന് ആത്മീയ ഗോളങ്ങളിൽ മാനുഷിക സ്വേച്ഛ നിർബാധം സൈ്വരവിഹാരം നടത്തുകയാണ്. അവന്റെ അവകാശങ്ങളെക്കുറിച്ച് തീരുമാനങ്ങളെടുക്കാനും വിധിപ്രസ്താവിക്കാനുമുള്ള അവന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും അവൻ വീമ്പിളക്കുന്നു. ക്രിസ്തുവിന്റെ കർത്തൃത്വത്തെതന്നെയും അവൻ നിഷേധിക്കുന്നു. ദൈവം ഭരമേലിപിക്കുന്ന എന്തിനും സദാ സന്നദ്ധനായിരിക്കുക എന്നത്രേ യഹോവയുടെ പക്ഷത്തായിരിക്കുക എന്നതിന്റെ അർത്ഥം "കർത്താവേ പറയണമേ നിന്റെ ദാസൻ കേൾക്കുന്നു" എന്ന് നമുക്ക് ആത്മാർത്ഥമായി പറയാൻ കഴിയുമെങ്കിൽ നാം വാസ്തവമായി എന്തിനും ഒരുക്കമുള്ളവനായിരിക്കും. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ വിശ്വാസത്താൽ ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമേ ഫലപ്രദമായി അവന്റെ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കാൻ കഴികയുള്ളൂ. ഒരുവൻ പ്രസംഗിച്ചേക്കാം, വാക്ചാതുര്യത്തോടെ പ്രഭാഷണം നടത്തിയേക്കാം, പ്രാർത്ഥിച്ചേക്കാം, ഗ്രന്ഥങ്ങൾ രചിച്ചേക്കാം, ബാഹ്യശുശ്രൂഷകൾ ഒക്കെ ഭംഗിയായി നിറവേറ്റിയേക്കാം. പക്ഷേ അപ്പൊഴൊക്കെയും ക്രിസ്തുവിന്റെ ശുശ്രൂഷയല്ലായിരിക്കും നടക്കുന്നത്. മറ്റുള്ളവർക്ക് ക്രിസ്തുവിനെ വെളിപ്പെടുത്തികൊടുക്കുവാൻ ആഗ്രഹിക്കുന്നവൻ ആദ്യമേ അവന്റെ സ്വന്തഹൃദയത്തിൽ ക്രിസ്തുവിനെ വാഴിച്ചിരിക്കണം. കർത്താവിന്റെ കർത്തൃത്വത്തിന് കീഴ്പ്പെട്ടിരിക്കണം. അവനിൽ വസിക്കണം. "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ട

ല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴി കയില്ല" (യോഹ. 15:4).

"നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (15:8). യജമാനനേയും അവന്റെ മഹത്വത്തേയുംകാൾ ഉപരിയായി സ്വന്ത വേലയും സ്വന്തമഹത്വവും വിഷയമാക്കുന്ന ഏതൊരു വിശ്വാസിയും ആ ശുശ്രൂഷ നൽകുന്ന ആത്മസംതൃപ്തിയിലോ, അത് അന്യരുടെ ശ്രദ്ധ യേയും കൗതുകത്തെയും പിടിച്ചു നിർത്തുന്നു എന്നതിനാലോ ആഹ്ലാദിക്കുന്നവനും പട്ടണ ത്തിലെ പല സ്ഥലങ്ങളിലേക്കും വെള്ളം എത്തിച്ചു കൊടുക്കുന്ന കുഴലിന് സമമായിരിക്കും എന്ന് ഒരു കർത്തൃദാസൻ അഭിപ്രായപ്പെടുകയുണ്ടായി. വെള്ളം മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കും. പക്ഷേ, കുഴലിനുള്ളിൽ അഴുക്കും തുരുമ്പുമുണ്ടാ യിരിക്കും. ഏതൊരു കൂടിവരവിന്റേയും ശുശ്രൂഷ യുടേയും ആത്യന്തീക ലക്ഷ്യം ദൈവനാമമഹത്വം ഒന്നു മാത്രമായിരിക്കട്ടെ. "ഞങ്ങൾക്കല്ല യഹോ വേ.... അവിടുത്തെ നാമത്തിന് തന്നെ മഹത്വം വരേ ണമെ" എന്നുള്ളതായിരിക്കട്ടെ നമ്മുടെ ഹൃദയവാ ഞ്ഛ. "യഹോവേ രക്ഷിക്കണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു. വിശ്വസ്തന്മാർ മനുഷ്യപുത്ര ന്മാരിൽ കുറഞ്ഞിരിക്കുന്നു. ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് വ്യാജം സംസാരി ക്കുന്നു. കപടമുള്ള അധരത്തോടും ഇരു മനസ്സോ ടും കൂടെ അവർ സംസാരിക്കുന്നു" (സങ്കീ. 12:1-2). എന്ന ദാവീദിന്റെ പ്രാർത്ഥന നമ്മുടേതുമായിരിക്കട്ടെ.

സമാഗമന കൂടാരത്തിലെ ശുശ്രൂഷയെപ്പറ്റി നാം പഠിച്ചാൽ ഓരോ ലേവ്യനും അവനവനെ ഭരമേ ല്പിച്ചിരുന്ന പ്രത്യേക വേല കൃത്യമായും തൃപ്തി കരമായും ചെയ്തുതീർത്തു എന്നവരെപ്പറ്റി നമുക്കും പറയാവുന്നതാണ്. എന്തൊക്കെയോ എങ്ങിനെയൊക്കെയോ ചെയ്തതുകൊണ്ടല്ല മറിച്ച് ഓരോരുത്തനും താന്താന്റ ചുമതലയിൽപ്പെട്ട വേല വിശ്വസ്തതയോടും ശുഷ്കാന്തിയോടും മുഴുപ്പിച്ചു കൊണ്ടായിരുന്നു ദൈവത്തിന്റെ സമാഗനകൂടാര ത്തിലെ വേലകൾ യഥാസമയം നിർവ്വഹിച്ചത്.

ക്രിസ്തീയ വിശ്വാസികൾ എന്ന നമ്മുടെ നില യിൽ നമ്മുടെ ശുശ്രൂഷകളിൽ നാം പരസ്പരം തട്ടുവാനും മുട്ടുവാനും സാദ്ധ്യതകളേറെയാണ്. നാം ഓരോരുത്തരും നമ്മെ ഭരമേല്പിച്ചിരിക്കുന്ന വേല - ദൈവനിർദ്ദിഷ്ടമായ വേലകൾ മാത്രം കൃത്യമായി ചെയ്തു തീർക്കാൻ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു. ദൈവിക ശുശ്രൂഷകളിൽ യഥേഷ്ടം ഏർപ്പെടാൻ നമുക്കു ബോധിച്ച ശുശ്രൂഷ തിരഞ്ഞെടുക്കുവാൻ നമുക്ക് യാതൊര വകാശവും ഇല്ല. ഒരുവനെ സുവിശേഷകനായും വേറൊരുവനെ ഉപദേഷ്ടാവായും ഒരുവനെ ഇടയ നായും മറ്റൊരുവനെ പ്രബോധകനായും ദൈവം തിരഞ്ഞെടുത്തു വിളിച്ചാക്കിയെങ്കിൽ എവ്വിധമാണ് അവന്റെ വേല പുരോഗമിക്കേണ്ടത്. ഒരുവൻ മറ്റൊ രുവന്റെ വേല ചെയ്തുകൊണ്ടല്ല പ്രത്യുത ഓരോ രുത്തനും അവനവന് ദൈവദത്തമായ ആത്മീയ വരദാനങ്ങൾ, ദൈവം കൊടുക്കുന്ന പ്രാപ്തിക്കൊ ത്തവണ്ണം പ്രായോഗികമാക്കുന്നതിനാലത്രേ. ഒരാൾക്ക് തന്നെ വിവിധ വരങ്ങൾ പ്രദാനം ചെയ്യു വാൻ കർത്താവിന് ഇഷ്ടം തോന്നിയെന്നു വരാം. നമുക്ക് ഓരോരുത്തർക്കും വ്യക്തിപരമായി ലഭിച്ചി രിക്കുന്ന കൃപാവരമെന്തെന്ന് അറിയുവാനും അതിനെ പിന്തുടർന്ന് ദൈവനാമ മഹത്വത്തിനും ദൈവജനത്തിന്റെ ആത്മീയാഭിവൃദ്ധിക്കും അനുഗ്ര ഹത്തിനുമായി ഫലപ്രദമാംവണ്ണം അതിനെ ഉപ യോഗിക്കുവാനും ബാദ്ധ്യസ്ഥരാണ്. ആശയ്ക്ക് വഴിയില്ലാത്ത കലക്കവും കുഴച്ചിലും പരാജയവു മായിരിക്കും ഇതു നാം വിസ്മരിച്ചു പോയാലുള്ള ദുരന്തഫലം. ദൈവത്തിന് അവന്റെ കല്ലുവെട്ടുകാ രുണ്ട്, കല്ലുചെത്തുകാരുണ്ട്, കല്ലുപണിക്കാരുണ്ട്. അവർ ഓരോരുത്തരും താന്താന്റെ ചുമതല ചെയ്യു ന്നതിനാലാണ് പണിയുടെ പുരോഗതി സാദ്ധ്യമാ കുന്നത്. "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മീയ ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിന് പ്രസാദമുള്ള ആത്മീയ യാഗങ്ങൾ കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗ മാകേണ്ടതിന് പണിയപ്പെടുന്നു (1 പത്രൊസ് 2:5). എല്ലാവരും കല്ലുവെട്ടുകാരായാൽ ആരു കല്ലു ചെത്തും? എല്ലാവരും കല്ലുചെത്തുകാരായാൽ ആരു പണിയും? ഒരുവൻ അപരന്റെ വേലയിൽ ഉന്നം വെക്കുന്നതിലൂടെ കർത്താവിന്റെ താല്പര്യ ത്തിനും അവന്റെ വേലയ്ക്കും കനത്ത നാശ നഷ്ടങ്ങളും അപമാനവും വന്നു ഭവിക്കുന്നു. ഇതു തന്നെയല്ലോ ഇന്നത്തെ വാസ്തവ സ്ഥിതി. കർത്താവിന്റെ സഭാമന്ദിരം അവനിൽ യുക്തമായി ചേർന്നു വരുന്നില്ല. ഏല്പിച്ചിട്ടില്ലാത്ത വേലകളിൽ ഏർപ്പെട്ടുകൊണ്ടോ ഏർപ്പെടുവാൻ ഉദ്യമിച്ചു കൊണ്ടോ അല്ല, തന്റെ യജമാനൻ തന്നെ ഏതു നിലയിൽ ആക്കിയിരിക്കുന്നുവോ ആ നിലയിൽ തന്നെ ആയിരിക്കുവാനും അതിൽ അഭിവൃദ്ധി പ്രാപിപ്പാനും ശ്രദ്ധാലുവായി അതിൽ സംതൃപ്ത നായിരിക്കട്ടെ. കർത്താവിന്റെ ഓരോ വേലക്കാരനും ഇതത്രേ യഥാർത്ഥമായ ആത്മീയതയുടെയും സമാധാനത്തിന്റെയും ആത്മീയ പുരോഗ തിയുടെയും ദിവ്യ രഹസ്യം. ഒരു തേനീച്ചക്കൂട് പരി ശോധിച്ചാൽ ഈ കാര്യം വ്യക്തമാകും. വിവിധ തരത്തിലുള്ള തേനീച്ചകൾ 'റാണി'യുടെ നിർദ്ദേ ശങ്ങൾ സ്വീകരിച്ചും സമാധാനമായി സഹവർത്തി ത്വത്തിന്റെ പൊതു നന്മയ്ക്കായി പ്രവർത്തിക്കുന്നു. കർത്താവിന്റെ കർത്തൃത്വത്തിന് നമുക്ക് കീഴ്പ്പെട്ടു ജീവിക്കാം. (തുടരും)

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.102-ചോദ്യം

## ദൈവമക്കൾ ക്രിസ്തുയേശുവിൽ കഷ്ടം സഹിച്ചാൽ?

**വായനഭാഗം: റോമ.5, 2 കൊരി. 4, 1 തെസ്സ. 3, 1 തിമോ. 3, യാക്കോ. 1, 1 പത്രൊ. 2,4,5,വെളി. 21,22**

1. ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഉള്ള അനുഭവം എന്ത്?
2. ഭൂമിയിൽ എന്ത് അനുഭവിപ്പാനാണ് നമ്മെ (ദൈവമക്കളെ) നിയമിച്ചിരിക്കുന്നത്?
3. അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ സർവ്വ കൃപാലുവായ ദൈവം വിളിച്ചിരിക്കുന്നത് എന്തിനായി?
4. പരീക്ഷസഹിക്കുന്ന മനുഷ്യൻ കൊള്ളാവുന്നവനായിതെളിഞ്ഞ ശേഷം പ്രാപിക്കുന്നതെന്ത്?
5. ക്രിസ്തുവിനായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ എന്തു ചെയ്യരുത്? ആരെ മഹത്വപ്പെടുത്തണം?
6. നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നത് എന്ത് അറിഞ്ഞുകൊണ്ടാണ്?
7. നാം എന്തു ചെയ്തിട്ടു കഷ്ടംസഹിക്കുന്നതാണ് ദൈവത്തിനു പ്രസാദം?
8. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചാലുള്ള ഫലം എന്ത്?
9. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം ഞങ്ങൾക്ക് എന്ത്, എത്രത്തോളം കിട്ടുവാൻ കാരണമാകുന്നു?
10. പുതിയ ആകാശത്തിൽ വിശുദ്ധന്മാരോടു കൂടെ ആര് ഉണ്ടായിരിക്കും.?
    a. അവരുടെ കണ്ണീർ തുടച്ചു കളയുന്നതാര്?
    b. അവിടെ നാല് അനുഭവങ്ങൾ ഏതെല്ലാം?
    c. വിശുദ്ധന്മാർ എന്നെന്നേക്കും ആരായിരിക്കും?
    d. വേഗം വരുന്ന കർത്താവിന്റെ പക്കൽ എത്രമാത്രം പ്രതിഫലം ഉണ്ട്?

ഈ വിഷയം സംബന്ധിച്ചുള്ള കൂടുതൽ വേദവാക്യങ്ങൾ കണ്ടു പിടിച്ച എഴുതിവെച്ചാലും. പിന്നാലെ അവ പ്രയോജനപ്പെടുത്താം. പേരും വിലാസവും ആദ്യം എഴുതിയ ശേഷം ഉത്തരം എഴുതിയാലും. 60 വയസ്സിനുമേൽ പ്രായമുള്ളവർ പൂർത്തിയായ വയസ്സും എഴുതിയ ശേഷം ഉത്തരം എഴുതിയാലും, 15.11.08വരെ കിട്ടുന്ന ഉത്തരങ്ങളുടെ മാർക്ക് മാസികയിൽ ചേർക്കാം. 25.11.08 വരെ കിട്ടുന്ന ഉത്തരം സമ്മാനത്തിനു പരിഗണിക്കാം.

### 94 മുതൽ 99 വരെ ജയിച്ചവരുടെ മാർക്കു വിവരം

| | | |
|---|---|---|
| 1. | ജയിനമ്മ ശാമുവേൽ, തിരുവനന്തപുരം | 771 |
| 2. | ആലീസ് സാം, സീബ് | 724 |
| 3. | സുനി ഷാജി, ഡാമൻ | 713 |
| 4. | തങ്കമ്മ ഡാനിയേൽ, കിഴക്കുമ്പാട്ടുകര | 697 |
| 5. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 690 |
| 6. | ചിന്നമ്മ ശാമുവേൽ , മുംബൈ | 679 |
| 7. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 675 |
| 8. | ആലീസ് കോര, പുതുപ്പള്ളി | 661 |
| 9, | വത്സമമ തോമസ്, ജാൻസി | 648 |
| 10. | കുഞ്ഞമ്മ വർഗീസ്, സൂററ്റ് (കോഴിമല) | 648 |
| 11. | സിസ്സി ബിം, മീനങ്ങാടി | 648 |
| 12. | അമ്മിണി തോമസ്, പുല്ലാട് | 644 |
| 13. | ശോശാമ്മ വർഗീസ്, കോട്ടയം | 620 |
| 14. | സാറാമ്മ വർഗീസ, കോട്ടയം | 620 |
| 15. | പി.റ്റി. ഫിലിപ്പ്,ബാംഗ്ളൂർ | 614 |
| 16. | ജസി സാം, റാന്നി | 600 |
| 17. | ഒ.വി. ജോസഫ്, പുല്ലാട് | 570 |
| 18. | മേരി ജേക്കബ്, കല്ലിശ്ശേരി | 551 |
| 19. | വത്സമ്മ ജയിംസ്, ഡാമൻ ()4) | 453 |
| 20. | സിനിമോൾ ഷാജൻ, മലാഡ് (4) | 423 |
| 21. | അന്നമ്മ മത്തായി, ചെന്നൈ(3) | 324 |
| 22. | ബറ്റി വിനോദ്, വെള്ളൂർ(3) | 309 |

## സുവിശേഷ വയലിലേക്ക്

**വെണ്ണിക്കുളം** : ബ്ലസ്സൻ തോമസ് അബുദാബിയിൽ ജോലിയിലിരിക്കെ് മാർത്തോമ്മാ സമുദായത്തിൽ നിന്നും വേർപെട്ട് യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ച് സ്നാനപ്പെട്ട് അവിടെ ഏതാനും മാസങ്ങൾ കൂട്ടായ്മയിൽ ആയിരിക്കുകയും, കർത്താവിന്റെ വിളി അനുസരിച്ച് കർത്തൃവേലയ്ക്കായി വേർതിരിഞ്ഞ് നാട്ടിൽ വരികയും പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനത്തിനു ശേഷം സഭയോടുള്ള ബന്ധത്തിലും കുട്ടികളുടെ ഇടയിലുള്ള പ്രവർത്തനത്തിലും താൻ ആയിരിക്കുന്നു. സുവിശേഷ വേലയ്ക്കുള്ള വിളി സഭയ്ക്ക് ബോധ്യമായിരിക്കയാൽ താൻ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന വിവരം പ്രാർത്ഥനയ്ക്കും സഹകരണത്തിനായും അറിയിക്കുന്നു. വിലാസം; ബ്ലസ്സൻ തോമസ്, ചെറുതോടത്ത് കാലായിൽ ഹൗസ്, വാളക്കുഴി പി.ഒ., വെണ്ണിക്കുളം - 689 544, ഫോൺ : 0469 2654812. എന്ന് സി.എം. ചാക്കോ (ഇവാ.), സി.സി. ചാക്കോ, രാജു കെ. തോമസ്സ്.

## വിലാസ മാറ്റം

പഴനിയിൽ സുവിശേഷ പ്രവർത്തനത്തിലായിരുന്ന സ്റ്റാൻലി ജോൺ മാതാവിന്റെ ശാരീരിക ബലഹീനത നിമിത്തം നാട്ടിലേക്ക് മടങ്ങി വരികയും കാസർഗോഡ് ജില്ലയിൽ കാലിച്ചാനടുക്കത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. പുതിയ അഡ്രസ് - Stanly John (Evg.), Kuttiyil House, Anapetty, Kalichanadukkam P.O., Nileshwar Kasargod 671 314. എന്ന് സഭയ്ക്ക് വേണ്ടി എം. ശേഖരൻ.ജെ. ജയസുധൻ

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**പുല്ലാട് :** കൃപാ ഗോസ്പൽ ടീമിന്റെ ഏകദിന സുവിശേഷ പ്രവർത്തനം മാരാമൺ വെച്ച് ഓഗസ്റ്റ് 25 ന് നടത്തുവാൻ ദൈവം കൃപ ചെയ്തു. 16 സഹോദരന്മാർ പ്രവർത്തനത്തിൽ സംബന്ധിച്ചു. 6 പേർ പരസ്യമായി കർത്താവിനെ സ്വന്ത രക്ഷിതാവായി ഏറ്റു പറഞ്ഞു സ്വീകരിച്ചു. വചന ധ്യാനത്തിനും ഗ്രൂപ്പ് പ്രാർത്ഥനയ്ക്കും ശേഷം 4 സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടന്നു. വിതയ്ക്കപ്പെട്ട വചനം ഫലകരമായി തീരുവാനും ഇവിടെ ഒരു സ്ഥലം സഭ ഉണ്ടാകുവാനും ദൈവജനം പ്രാർത്ഥിക്കണമേ എന്നു. കെ.സി. ഗബ്രിയേൽ, പി.ജി. മത്തായി.

**നിലമ്പൂർ :** സ്ഥലം സഭാ രൂപീകരണം ലക്ഷ്യമാക്കി സുവിശേഷ പ്രവർത്തനങ്ങൾ നിലമ്പൂർ, വടപുറം, മമ്പാട് തുടങ്ങിയ കുടിയേറ്റ മേഖലകളിൽ ജോൺ സാമുവൽ, വി.ജെ.മാത്യു, ബാബു വർഗ്ഗീസ്, കെ.പി. മത്തായി എന്നിവർ പ്രവർത്തിച്ചു വരുന്നു. 2 കുടുംബങ്ങളിൽ നിന്നായി 10 പേർ രക്ഷിക്കപ്പെട്ട് താല്പര്യത്തോടെ എടക്കര ബ്രദറൺ സഭയിൽ കടന്നുവരുന്നു. പ്രിയപ്പെട്ടവരുടെ നിലനിൽപ്പിനായും പ്രവർത്തനങ്ങളെ ഓർത്തും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. എന്ന് ജോൺ സാമുവൽ, വി.ജെ.മാത്യു, ബാബു വർഗ്ഗീസ്, കെ.പി. മത്തായി.

**തണ്ണിത്തോട്** : സുവി. പി.ജി. ജെയിംസ് അബുദബി ബ്രദറൺ സഭയുടെ ക്ഷണപ്രകാരം 19-09-08 ന് അബുദാബിയിലേക്ക് പോയിരിക്കുന്നു. അവിടെയും യു.എ.ഇ. യിലുള്ള മറ്റു സ്ഥലം സഭകളിലും തന്റെ ശുശ്രൂഷ അനുഗ്രഹകരമായിത്തീരുവാൻ ദൈവമക്കൾ പ്രാർത്ഥിച്ചാലും. (C.A.G.)

**മലാങ്കടവ് :** ഇവിടെ സഭയോട് ചേർന്ന് ഫലകരമായ ശുശ്രൂഷകൾ നിർവ്വഹിച്ച് പോരുന്ന സഹോദരനാണ് ബേബിച്ചൻ കീമറ്റം. തനിക്ക് ഭാര്യയും 3 മക്കളുമുണ്ട്. കർത്താവിൽ മാത്രം ആശ്രയിച്ച് കർത്തൃവേലയിൽ സന്തോഷത്തോടെ മുന്നോട്ട് പോകുന്ന ഈ സഹോദരന് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അത്യാവശ്യമാണ്. ആയതിനാൽ സഹോദരനെയും കുടുംബത്തെയും പ്രവർത്തനങ്ങളെയും ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. വിലാസം ബേബിച്ചൻ കെ.എ. (സുവി.), കീമറ്റം, ബഥാനിയ, മലാങ്കടവ്, പാലാവയൽ പി.ഒ., കാസർഗോഡ്- 670511. എന്ന് പി.എ. രാജു, തോമസ് കെ.ജെ., ബോബി.

**വാഗമൺ** : 2008 ആഗസ്റ്റ് 28,29 ന് ഉത്തമപാളയം ബ്രദറൺ സഭയുടെ ചുമതലയിൽ ബ്രദറൺ വിഷൻ മിനിസ്ട്രിയുടെ സഹകരണത്തിൽ 2 ദിവസത്തെ സുവിശേഷ ക്യാമ്പ് ഉത്തമപാളയത്തും പരിസരങ്ങളിലും നടത്തുവാൻ ഇടയായി. 15-ൽ അധികം സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും ഭവന സന്ദർശനവും ട്രാക്റ്റ് വിതരണവും നടത്തപ്പെട്ടു. ഈ പ്രവർത്തനം മുഖാന്തിരം ചിലർ തൽപരരായി മുൻപോട്ട് വരുവാൻ ഇടയായി. പ്രവർത്തനങ്ങളിൽ 15 ഓളം സഹോദരന്മാർ പങ്കെടുത്തു. ഇവിടെയുള്ള സഭയിൽ രക്ഷിക്കപ്പെട്ട 2 പേരുടെ സ്നാനശുശ്രൂഷയും ഈ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ നടത്തപ്പെട്ടു. ഈ മിനിസ്ട്രിയുടെ അടുത്ത പ്രവർത്തനം വിവിധ സ്ഥലം സഭകളുടെ സഹകരണത്തോട് 2008 ഒക്ടോ. 3,4 തീയതികളിൽ ഹൈറേഞ്ചിലെ പീരുമേടു താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യയോഗങ്ങളും ഭവന സന്ദർശനവും നടത്തപ്പെടുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്ന് കെ. എസ്. ഗോപാലകൃഷ്ണൻ, എം.റ്റി. ജോസ്. Address: P.O. Box-2, Vagamon P.O., Idukki, Kerala - 685 503.

**താമരശ്ശേരി** : 2007 മെയ് മാസത്തിൽ മലബാർഗോസ്പൽ ഔട്ട് റീച്ച് മിനിസ്ട്രീസും കോഴിക്കോട് ജില്ലയിലെ സ്ഥലം സഭകളും ചേർന്ന് പുതുപ്പാടി ബ്രദറൺ സഭയുടെ സഹകരണത്തിൽ താമരശ്ശേരിയിൽ പ്രവർത്തനം നടത്തി. പലരും രക്ഷയുടെ അനുഭവത്തിലേക്ക് വന്നു. 2008 ജൂൺ 1ന് സുവി. ജോൺ ഏബ്രഹാമിന്റെ ഭവനത്തിൽ കൂടിവരവ് ആരംഭിച്ചു. കോഴിക്കോട്, മീൻമുട്ടി, സുൽത്താൻ ബത്തേരി, അടിവാരം, പുതുപ്പാടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ദൈവജനം പങ്കെടുത്തു. പ്രൊഫ. പി.പി. സ്കറിയാ വചന ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് 24 -08-08ന് 2 ദൈവമക്കളുടെ സ്നാനം കോഴിക്കോട് സഭാങ്കണത്തിൽ വെച്ച് നടന്നു. ഇവിടുത്തെ സഭയെയും പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് ജിജു ജോർജ്ജ് Ph: 9447322627, ജോൺ ഏബ്രഹാം Ph: 0495 3179895, 9495564246 സഭയുടെ വിലാസം ബ്രദറൺ അസംബ്ലി താമരശ്ശേരി, C/o ജോൺ ഏബ്രഹാം, എബനേസർ, താമരശ്ശേരി പി.ഒ., കോഴിക്കോട് - 673573.

**വടകര :** വടകരയിൽ സുവി. കെ.ഡി. ജെയിംസ് കഴിഞ്ഞ 2 വർഷമായി പ്രവർത്തിക്കുന്നു. വടകര നഗരസഭയുടെ പകുതിയോളം ഭവനങ്ങളിൽ സുവിശേഷം അറിയിക്കുവാൻ കർത്താവു സഹായിച്ചു. പ്രവർത്തനഫലമായി ചിലർ കർത്താവിനെ ഏറ്റുപറഞ്ഞു സ്വീകരിക്കുവാൻ ഇടയായി. അവിടെ ഒരു സഭാ കൂടിവരവ് ഉണ്ടാകണം എന്ന ലക്ഷ്യത്തോടുകൂടി ദൈവകൃപയിൽ ആശ്രയിച്ച് പ്രവർത്തനം ചെയ്തുവരുന്നു. ഈ സ്ഥലത്തെ പ്രവർത്തനങ്ങളിൽ എൻ.കെ. ബാബു, എം.പി. ജോർജ്, തോമസ് മാത്യു എന്നീ ദൈവദാസന്മാർ സഹകരിക്കുന്നു. ഈ സ്ഥലത്തെ വേലയിൽ സഹകരിക്കുകയും പ്രാർത്ഥനയുടെ കരങ്ങളിൽ വഹിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. K.D. James (Evg.), P.B. No. 8, Perambra P.O., Kozhikode-673 528.

**വിജയനഗരം :** ഓഗസ്റ്റ് 1 – 7 വരെ പ്രത്യേകാൽ യോഗങ്ങൾ ക്രമീകരിക്കാൻ ദൈവം സഹായിച്ചു. സഭയുടെ സഹകരണത്തിൽ ഗ്രാമങ്ങളിലുള്ള സഭകളിലും യോഗങ്ങൾ ക്രമീകരിച്ചു. സുവി. എം.എസ്. തോമസ് കടന്നുവന്ന് ശുശ്രൂഷകളിൽ സഹകരിച്ചു. സഭയ്ക്കു വേണ്ടി M. Prakash Rao, M. Srinivas. Address : P.M. Jaison (Evg.), Carmel Brethren Church, 5th A.P.S.P. (P.O.)Inada Junction, Vizianagaram (A.P.) 535 005 Ph: 08922 241996.

**എഴുമറ്റൂർ :** ചെന്നിത്തലയിലും പരിസര പ്രദേശങ്ങളിലും 205 മെയ് മുതൽ ടി.എസ് ഡാനിയേൽ കുടംബമായ് പ്രവർത്തിച്ചിതിന്റെ ഫലമായി ചിലർ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭാ കൂട്ടായ്മയിൽ വരുവാൻ കർത്താവ് കൃപ ചെയ്തു. 2007 സെപ്റ്റ. 2 ന് ഇവിടെ ആരാധന കൂടിവരവ് തുടങ്ങി. 6 കുടുംബങ്ങളിൽ നിന്നുള്ളവർ ഇപ്പോൾ ആരാധനയിൽ സംബന്ധിക്കുന്നു. പി.പി. അഗസ്റ്റ്യൻ, ബേബി വർഗ്ഗീസ്, പി.കെ. രഘു എന്നിവർ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. ഇവിടെയുള്ള സഭയേയും പ്രവർത്തനങ്ങളേയും ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കണമെ എന്ന് Alexander Koshy,Ginu V. Balan, Biju Varghese,Evg. T.S. Daniel, വിലാസം : T.S. Daniel, Brerthren Assembly, Eramathoor P.O., Mannar 689 622, Ph. 9495439394.

## കൺവൻഷൻ, ക്യാമ്പ്

**ഝാൻസി** : Jhansi, Garmau സഭകളിലെ വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിനായി നവം. 7 –9 വരെ സ്പെഷ്യൽ മീറ്റിംഗ് ക്രമീകരിച്ചിരിക്കുന്നു. Biharilal വചന ശുശ്രൂഷ നടത്തും. നവം. 17–20 വരെ വില്ലേജ് ഔട്ട്റീച്ച് പ്രവർത്തനവും തുടർന്ന് ഝാൻസിയിലുള്ള സ്കൂളുകളിൽ വചന വിതരണം നടത്തുവാനും തീരുമാനിച്ചിരിക്കുന്നു. ഈ ശുശ്രൂഷകളുടെ അനുഗ്രഹത്തിനും ആവശ്യങ്ങൾക്കായും പ്രാർത്ഥനയും സഹകരണവും അപേക്ഷിച്ചുകൊള്ളുന്നു. വിലാസം Believrs Assembly, C/o Philipose P.P., 196 C.P. Mission Compound, Jhansi - 284003, UP. എന്ന് പി.എ. സാമുവേൽ, പി.വി. ജോസഫ്, ഫിലിപ്പോസ് പി.പി.

### യൂത്ത് ചലഞ്ച് കോൺഫ്രൻസ്

സ്ഥലം : കേരൺ സ്കൂൾ ആഡിറ്റോറിയം, ചെക്കാരുമണി, മധുര

തീയതി : 2008 ഒക്ടോ. 7–9 വരെ

പ്രസംഗകർ : നെൽസൺ തോമസ്, ജോൺ കൃപാകരൻ, ജെപസിംഗ് ജെ.

സംഗീത വിരുന്ന് : മ്യൂസിക്ക് ടീം, തൂത്തുക്കുടി

പല സ്ഥലം സഭകളിൽ നിന്നും 200ൽപരം യുവതീ യുവാക്കൾ സംബന്ധിക്കും. ഫെയ്ത്ത് ഗോസ്പൽ ഫെലോഷിപ്പ് മിനിസ്ട്രിയും നാഗമല പുതുകോട്ട ബ്രദറൺ സഭയും ചേർന്നു നടത്തുന്ന ഈ കോൺഫ്രൻസിന്റെ അനുഗ്രഹത്തിനും ആവശ്യങ്ങൾക്കു വേണ്ടിയും


RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09- 05
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor


ദൈവജനം പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യണമേ. എന്ന് എഫ്.ജി.എഫ്. മിനിസ്ട്രിക്കും സഭയ്ക്കു വേണ്ടിയും സെക്രട്ടറി പി.പി. പ്രസന്നൻ.

വിലാസം : **-P.P. Prasannan (Evg.), F.G.F. Ministry, Nagamalaiputhukottai P.O., Madurai -625019.**

## കോട്ടയം കൺവൻഷൻ

2008 ലെ കോട്ടയം കൺവൻഷൻ ഡിസം. 1 – 7 വരെ തിരുനക്കര മൈതാനിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. പ്രസംഗകരായി ജോസ് മാങ്കുടി. ജോയി ജോൺ, ഡോ. കോശി മാത്യു, എം.എം. സക്കറിയ, വർഗ്ഗീസ് കുര്യൻ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ് തുടങ്ങിയവരെ പ്രതീക്ഷിക്കുന്നു. സുവിശേഷകന്മാരുടെ സമ്മേളനം ഡിസം. 2 ചൊവ്വാഴ്ച രാവിലെ 10 മണിക്കും സോദരി സമ്മേളനം 6 ന് ശനിയാഴ്ച ഉച്ചയ്ക്ക് 2 – 4 വരെയും കോട്ടയം ബ്രദറൺ സഭാഹാളിൽ വെച്ച് നടക്കും. ആരാധനായോഗം ഞായറാഴ്ച രാവിലെ 10–1 വരെയും യുവജന സമ്മേളനം ഉച്ചയ്ക്ക് 2–4 വരെയും കെ.പി.എസ്. മേനോൻ ഹാളിൽ വച്ചു നടത്തപ്പെടുന്നതാണ്. യോഗാനുഗ്രഹങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കണമെ. എന്ന് മാത്യു ഏബ്രഹാം കൺവീനർ.

**G.P.C** : ഛത്തീസ്ഗഡ്, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ സുവിശേഷകന്മാർ ഒരുമിച്ച് നടത്തിവരുന്ന G.P.C (ഗോസ്പൽ പെനട്രേഷൻ ക്യാമ്പയിൻ) യുടെ 69–ാം ക്യാമ്പയിൻ 2008 സെപ്റ്റം. 23 – 25 വരെ ഛത്തീസ്ഗഡിലെ മർവാഹി എന്ന സ്ഥലത്തുവെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതിനും വേണ്ടി പ്രാർത്ഥിക്കണമെ. G.P.C.യ്ക്കു വേണ്ടി സെക്രട്ടറി വി.എ. ആന്റണി, സത്ന. ട്രഷറാറുടെ വിലാസം N. Solomon, Prarthana Bhavan, Near Petrol pump, Bacheli, Dantewada - C.G., 494553.